Reg. No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew, M. A. — Managing Editor: B. Wellington B. A.

പുസ്തകം 12 | ലക്കം 32 | 1965 ഫെബ്രുവരി 3 ബുധൻ തൃശ്ശൂർ | വില 7 നയാപൈസ | പേജ് 4

'തൊഴിലാളി' വരിസംഖ്യ നിരക്ക്


	പോസ്റ്റ് വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ് വഴി
ഒരു കോപ്പിയ്ക്ക്	27.00	6.00
മൂന്നുമാസത്തേയ്ക്ക്	13.50	3.00
മൂന്നുമാസത്തേയ്ക്ക്	6.75	1.50
ഏജന്റുമാർക്കുവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപതിപ്പ് മാത്രം		1.10
മാഗസിൻ	30.75	30.10

മാനേജർ

ആലപ്പുഴയിൽ കോളറാ

(പി ടി ഐ) ആലപ്പുഴ, ഫെ. 7

ആലപ്പുഴ ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ ഒരു പകർച്ച വ്യാധിപോലെ പൊട്ടിപ്പുറപ്പെട്ട കോളറാ ആലപ്പുഴ പട്ടണത്തിലേക്ക് കടന്നിരിക്കുന്നു. ആ ശ്രമം വാർഡിൽനിന്നും കോളറാ ബാധിച്ചവരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.



മിത്രം രാജിവെച്ചു

അടുത്ത നേതാവിനെ തെരഞ്ഞെടുക്കുന്ന കാര്യം തീർച്ചയായില്ല

[പി ടി ഐ]

ട്രിവാൻഡ്രം, ഫെ. 2

മിസ്റ്റർ മുഖ്യമന്ത്രി ബിരൻമിത്രം ഇന്നലെ തന്റെ രാജിക്കത്ത് ഗവർണ്ണർക്ക് സമർപ്പിച്ചിരിക്കുന്നു.

ഡൽഹിയിലുള്ള ഗവർണ്ണർക്ക് ഒരു പ്രത്യേക ട്രങ്കൻവശം രാജിക്കത്ത് കൊടുത്തയക്കുകയാണുണ്ടായത്.

പാണിയുടെ പ്രസ്താവന

ബിരൻമിത്രയുടെ സ്ഥാനത്ത് കോൺഗ്രസ്സ് നിയമസഭാ കക്ഷിയുടെ നേതാവായി മദ്രാസിലുള്ള തെരഞ്ഞെടുക്കുന്നതിനുള്ള തീയതി തീട്ടപ്പെടുത്തിയിട്ടില്ലെന്ന് പ്രദേശ്കോൺഗ്രസ് പ്രസിഡണ്ട് ബിജോയി കമരൻ പാണി ഇന്നു പ്രസ്താവിച്ചു. എന്തായാലും തെരഞ്ഞെടുപ്പ് മെയ്മാസത്തിൽ പോകുമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. തെരഞ്ഞെടുപ്പ് ഏകകണ്ഠമായിരിക്കുമെന്നു ഉറപ്പിച്ച പാണിയും പാണി തയ്യാറായില്ല.

കഴക്കൂട്ടത്തെ വിട്ടയച്ചു

(പി ടി ഐ) കോയമ്പത്തൂർ, ഫെ. 2

റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ചു ഒരു കരുതൽ പടപടിയെന്ന നിലയിൽ കസ്റ്റഡിയിൽ എടുത്തിരുന്ന 240 ഡി എം കെക്കാരെ ഇന്നു വിട്ടയച്ചു. തിരുച്ചിയിൽ അറസ്റ്റ് ചെയ്യപ്പെട്ടവരെയും വിട്ടയച്ചിട്ടുണ്ട്.

....

തൃശ്ശൂർ വർക്കിങ്ങ് ജേർണ്ണലിസ്റ്റ് അസോസിയേഷൻ

ആർ കൃഷ്ണൻകുട്ടിനായർ പ്രസിഡണ്ട്

(സ്വ ലേ) തൃശ്ശൂർ, ഫെ 2

തൃശ്ശൂർ വർക്കിംഗ് ജേർണ്ണലിസ്റ്റ് അസോസിയേഷൻറെ വാർഷിക ജനറൽ ബോഡിയോഗം ചേർന്ന് അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു.

പ്രസിഡണ്ടായി ശ്രീ എൽ സുബ്രഹ്മണ്യം അധ്യക്ഷം വഹിച്ചു. സെക്രട്ടറി ശ്രീ ടി കെ കുര്യൻ അവതരിപ്പിച്ച റിപ്പോർട്ടും മറ്റു ചില കണക്കുകളും യോഗം അംഗീകരിക്കുകയുണ്ടായി.

മെ:ആർ. കൃഷ്ണൻകുട്ടിനായർ [പ്രസിഡണ്ട്] ടി കെ ലോനപ്പൻ [വൈ: പ്രസിഡണ്ട്] എൻ സുബ്രഹ്മണ്യം [സിക്രട്ടറി], ജോയ് ശാസ്ത്രംപള്ളിക്കൽ [ജോ: സിക്രട്ടറി] എന്നിവരാണ് പുതിയ ഭാരവാഹികൾ.

...

എസ് എം ജോഷി വീണ്ടും ചെയർമാനായി

(പി ടി ഐ) വാരാണസി, ഫെ. 2

സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയുടെ ചെയർമാനായി എസ്. എം. ജോഷിയെ വീണ്ടും തെരഞ്ഞെടുത്തിരിക്കുന്നു. തെരഞ്ഞെടുപ്പ് ഏകകണ്ഠമായിരുന്നു. പാർട്ടിയുടെ അവസാനസമ്മേളനത്തിൽ ജോഷിയുടെ പേരു് ചെയർമാൻ പദത്തിലേക്ക് നിർദ്ദേശിച്ചതു് ജനറൽ സിക്രട്ടറിരാജു് നാരായണസ്വാമിയാണു്. മധുലിമായെ പിൻതാങ്ങി. പാർട്ടിക്കു് ഒരു ജനറൽസിക്രട്ടറിയെയും നാഷനൽകമ്മറ്റിയിലേക്കു 23 അംഗങ്ങളെയും തെരഞ്ഞെടുക്കുവാൻ സമ്മേളനം ജോഷിയെ അധികാരപ്പെടുത്തി.

കുഷ്ഠരോഗത്തിനും കേരളത്തിനും നല്ല സ്ഥാനം!

(പി. ടി. ഐ) ആലപ്പുഴ, ഫെ. 2

കേരളത്തിലെ തീരപ്രദേശങ്ങളിലാണു് കുഷ്ഠരോഗം കൂടുതലായി ഉള്ളതെന്നു ഒരു ഔദ്യോഗികവൃത്തം പ്രസ്താവിച്ചിരിക്കുന്നു. ഇവ ഭാഗങ്ങളിൽ ജനസംഖ്യയുടെ രണ്ടരശതമാനത്തോളംവരുന്ന വിഭാഗത്തിനു് ഈ രോഗമുണ്ടെന്നു കണക്കാക്കിയിട്ടുണ്ടു്. സംസ്ഥാനത്തു് മൊത്തം കുഷ്ഠരോഗബാധിതരാണു്. 50,000 സ്ത്രീകൾ കുട്ടികളേയും, 6 ലക്ഷം ജനങ്ങളേയും ഉൾക്കൊണ്ട ഒരു സമ്പർക്കം സർവ്വേയിൽ 150 സ്ത്രീകൾ കുട്ടികളും, 3000 പ്രായപൂർത്തി വന്നവരും ഈ രോഗബാധിതരാണെന്നു കണ്ടു.

ലൂഥർകിങ്ങ് അറസ്റ്റിൽ

(റോയിട്ടർ) ന്യൂയോർക്ക് ഫെ. 2

അമേരിക്കൻ നീഗ്രോ നേതാവും ഇക്കൊല്ലത്തെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചയാളുമായ റവ. ഡോ: മാർട്ടിൻ ലൂഥർകിങ്ങ് അലബാമയിൽവെച്ചു് അറസ്റ്റ്ചെയ്യപ്പെട്ടിരിക്കുന്നു. ഒരു നീഗ്രോ പ്രകടനത്തിനുള്ള നേതാണ് പ്രോ: കിങ്ങ് അറസ്റ്റ്ചെയ്യപ്പെട്ടതു്. അദ്ദേഹത്തോടൊപ്പം മുന്നൂറ് നീഗ്രോ പ്രകടനക്കാരേയും അറസ്റ്റ്ചെയ്തിട്ടുണ്ടു്.

....

പ്രൊഡക്ടിവിറ്റി കൗൺസിൽ ശാഖാഗവർണ്ണർ ഉൽഘാടനംചെയ്തു

[സ്വ ലേ] കണ്ണൂർ, ഫെ 2

പ്രൊഡക്ടിവിറ്റി കൗൺസിലിൻറെ കണ്ണൂർ-കോഴിക്കോട് റീജിയനൽ ബ്രാഞ്ചിൻറെ ഉൽഘാടനകർമ്മം ഗവർണ്ണർഗിരി ഇന്നു് ടൗൺഹാളിൽ നിർവ്വഹിച്ചിരിക്കുന്നു. ജില്ലാകലക്ടർ എൻ ഗോപാലകൃഷ്ണൻനായർ യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു.

-0-

അഖിലേന്ത്യാ കാർഷിക-വിദ്യാഭ്യാസ പ്രദർശനം

നെഹ്റു പാക്കിൽവെച്ചു നടത്താൻ തൃശ്ശൂർനഗരസഭ അനുവാദം നൽകി

സ്വ പ്ര തൃശ്ശൂർ ഫെ. 2

തൃശ്ശൂർ പൂരത്തോടനുബന്ധിച്ചു സംഘടിപ്പിക്കുന്ന അഖിലേന്ത്യാ കാർഷിക-വിദ്യാഭ്യാസ പ്രദർശനം കൊച്ചി ദേവസ്വം ബോർഡിൻറെ അംഗീകാരത്തിനു വിധേയമായി നെഹ്റു പാക്കിൽ വെച്ചു നടത്തുന്നതിനു് എക്സിബിഷൻ കമ്മറ്റിക്ക് അനുവാദം നൽകുവാൻ ഇന്നലെ വൈകുന്നേരം കൂടിയ കൗൺസിൽ യോഗം തീരുമാനിച്ചിരിക്കുന്നു.

....

മോസ്കോസമ്മേളനത്തിൽ പങ്കെടുക്കില്ലെന്ന് ചൈന

(റോയിട്ടർ) ജക്കാർത്ത, ഫെ. 2

കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സമ്മേളനത്തിൽ ചൈന പങ്കെടുക്കുകയില്ലെന്നു് ഇന്തോനീസ് പ്രധാനമന്ത്രി ചൈ. എൻ. ലായി പ്രസ്താവിച്ചതായി അൻതര നൂസ് ഏജൻസി റിപ്പോർട്ടുചെയ്തിരിക്കുന്നു.

ഈ സമ്മേളനം നിയമവിരുദ്ധമാണെന്നും ഒരു പാർട്ടി മറ്റൊരു പാർട്ടികളേയും സമ്മേളനത്തിനു് വിളിക്കുന്നതു് ആ പാർട്ടിയുടെ കത്തുകൾ കൂർപ്പാടാണെന്നും ചൈന പറഞ്ഞിട്ടുണ്ടു്. ഈ നിർദ്ദേശത്തെ ചൈന തള്ളിക്കളയുന്നു. മോസ്കോവിൽവെച്ചു് താനിതു് പറഞ്ഞിട്ടുണ്ടു്. അങ്ങനെ ഇപ്പോഴും പറയുന്നുവെന്നും ചൈന പ്രസ്താവിച്ചു.

....

കോൺഗ്രസ് പോലീസിനെ കുറ്റപ്പെടുത്തുന്നു

(പി ടി ഐ) തിരുച്ചിറപ്പിള്ളി, ഫെ. 2

റിപ്പബ്ലിക്ക്ദിനത്തിൽ ഇവിടെയുണ്ടായ എല്ലാ സംഭവങ്ങളുടേയും ഉത്തരവാദിത്വം പോലീസിനാണെന്നു് എല്ലാ കോൺഗ്രസ്സംഘടനകളുടേയും ഒരു സംയുക്തയോഗം കുറ്റപ്പെടുത്തിയിരിക്കുന്നു.

ഹിന്ദിക്കെതിരായി കോട്ടയത്തു് വിദ്യുത്തി പ്രകടനം

(പി ടി ഐ) കോട്ടയം, ഫെ 2

ഹിന്ദി മയ്യോഗിക ഭാഷയാക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ടു് സി എം എസ് കോളേജിലെ വിദ്യാർത്ഥികൾ കോളേജ് അങ്കണത്തിൽ ഇന്നലെ പൊതുയോഗം കൂടി. അഹിന്ദി ജനതയുടെമേൽ ഹിന്ദി അടിച്ചേല്പിക്കുന്നതിനെ യോഗം അപലപിച്ചു. പിന്നീടു് വിദ്യുത്തികൾ ഒരു പ്രകടനവും നടത്തി.

-0-

അദ്ധ്യാപക കൺവെൻഷൻ സി ഒ ചെറിയാൻറെ അറിയിപ്പ്

തൃശ്ശൂർ, ഫെ. 2

പ്രൈവറ്റ് സ്കൂളദ്ധ്യാപകസംഘടനകളുടെ തൃശ്ശൂർജില്ലാ കോഓർഡിനേഷൻ കമ്മിറ്റി സെക്രട്ടറി ശ്രീ സി ഒ ചെറിയാൻ അറിയിക്കുന്നു:-

സംസ്ഥാനത്തിലെ പ്രൈവറ്റ് സ്കൂളദ്ധ്യാപകരുടെ ന്യായമായപ്പോരി 25-1-65ലുണ്ടായ കേരളഗവണ്മെന്റുടെ പ്രഖ്യാപനത്തിൻറെ അടിസ്ഥാനത്തിൽ ജനുവരി 31-നും ഗവണ്മെന്റ് പുറപ്പെടുവിച്ച കൽപ്പനയെസംബന്ധിച്ചുള്ള വിശദീകരണങ്ങളും നൽകുന്നതിനും മാറ്റമായി തൃശ്ശൂർ റവന്യൂജില്ലയിലുള്ളപ്രൈവറ്റ്വിദ്യാഭ്യാസത്തിലെ എല്ലാ എൽ പി യു പി സെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യാപകരുടെ ഒരു പ്രത്യേക കൺവെൻഷൻ 1965 ഫെബ്രുവരി 5-നു രാവിലെ 11 മണിക്ക് തൃശ്ശൂർ സെൻറ് തോമസ് കോളേജ് ഹാളിൽവെച്ചു കൂടുന്നുണ്ട്.

ഗവണ്മെന്റിൻറെ ഈ പുതിയ കൽപ്പന പ്രൈവറ്റ് സ്കൂളദ്ധ്യാപകരെ ഏതുതരത്തിൽ ബാധിക്കുന്നുവെന്നുള്ളകാര്യം വളരെ പ്രാധാന്യമർഹിക്കുന്നതായതുകൊണ്ടു് എല്ലാവിഭാഗത്തിലുമുള്ള അദ്ധ്യാപകരും യാതൊരുപേക്ഷയുംകൂടാതെ പ്രസ്തുതകൺവെൻഷനിൽ പങ്കെടുക്കണമെന്നു് പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

വലതു്-ഇടതു് ധാരണ

എറണാകുളം ജില്ലാ നിലവാരത്തിൽ

പി ടി ഐ എറണാകുളം ഫെ. 2

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഇടതു്-വലതു് പക്ഷങ്ങൾ എറണാകുളം ജില്ലയെ സംബന്ധിച്ചേടത്തോളം ഒരു തരത്തിലുള്ള ധാരണ ഉണ്ടായിരിക്കുന്നു. വി ആർ കൃഷ്ണയ്യരുടെ സാന്നിദ്ധ്യത്തിൽവെച്ചു് ഇതിനെ സംബന്ധിക്കുന്ന ഒരു കരാറിൽ ഇരുകക്ഷികളും ഒപ്പിട്ടു. ഈ കരാറനുസരിച്ചു എറണാകുളം ജില്ലയിലെ ഒരിടപ്പഴ, വളക്കര, കോതമംഗലം, പെരുമ്പാവൂർ മണ്ഡലങ്ങളിൽ ഇരുപക്ഷങ്ങളും സ്വതന്ത്രസ്ഥാനാർത്ഥികൾക്ക് പിൻതുണ നൽകും.

തൃപ്പൂണിത്തുറ, പള്ളുരുത്തി, ഞാറക്കൽ, കുന്നുത്തുനാടു് നിയോജകമണ്ഡലങ്ങളിൽ ഇരുപക്ഷങ്ങളും പരസ്പരം മത്സരിക്കുകയില്ലെന്നും തീരുമാനിച്ചിട്ടുണ്ടു്. ഇതനുസരിച്ചു് ഞാറക്കലും, കുന്നുത്തുനാട്ടിലും വലതുപക്ഷ സ്ഥാനാർത്ഥികളെ ഇടതുപക്ഷക്കാർ സംഘായിക്കും. തൃപ്പൂണിത്തുറയിലും, പള്ളുരുത്തിയിലും ഇടതുപക്ഷ സ്ഥാനാർത്ഥികൾക്ക് വലതുപക്ഷക്കാർ പിൻതുണനൽകും.

...

വ്യോമസേനാ ഉദ്യോഗസ്ഥൻ അന്തരിച്ചു

ന്യൂഡൽഹി, ഫെ 1

ന്യൂഡൽഹിയിൽ ദേശീയ രാജ്യരക്ഷാ കോളേജിൽ പരിശീലനം നടത്തിവന്ന എയർ കമ്മഡോർ ആർ. ഗോദ് ഖിൻഡി ഇന്നലെ രാത്രി സ്വവസതിയിൽവെച്ചു് അന്തരിച്ചു. ഇന്നു് സംഗ്രോധ്ഘട്ടിൽ പൂർണ്ണരാജസൈനിക ബഹുമതികളോടെ അദ്ദേഹത്തിൻറെ ശവസംസ്കാരകർമ്മം നടത്തി.

വ്യോമരക്ഷസനുഗുപിപൻ എയർമാഷൽ സജ്ജൻസിങ്ങ്, രാജ്യരക്ഷാകോളേജ് കമാണ്ടൻറ് റിയർ അഡ്മിറൽ പാറാർജി, കോളേജിലെ മറ്റു സ്റ്റാഫംഗങ്ങളും, വിദ്യാർത്ഥികളും, സീനിയർ വ്യോമസേനാ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ അന്ത്യോപചാരങ്ങളർപ്പിച്ചുവരിലുംപ്പെട്ടന്നു.

എയർ കമ്മഡോർ നരേന്ദ്രഗോദ് ഖിൻഡി, 1941-ൽ വ്യോമസേനയിൽ ചേർന്നു് പരിശീലനാനന്തരം 47 വയസ്സു പ്രായമുണ്ടായിരുന്ന. ദേശീയ രാജ്യരക്ഷാ കോളേജിൽ വരുന്നുമുമ്പ് വ്യോമസേനയുടെ മദ്ധ്യകമാണ്ടിൽ ഒരു സീനിയർ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യയും മൂന്നു പുത്രന്മാരും ജീവിച്ചിരിപ്പുണ്ടു്.

ഗവർണ്ണർ ഗിരി എപ്രിൽവരെ കേരളത്തിൽ തുടർന്നേയ്ക്കും

തിരു: ഫെ: 1

ശ്രീ. വി. വി. ഗിരി ഇന്ന ഏപ്രിൽമാസവരെ കേരള ഗവണ്മെന്റായി ഇതുന്നതാണെന്നു് അറിയുന്നു

സംസ്ഥാനത്തെ ഗവണ്മെൻറപ്പത്തിൽ നിന്നു് ഫെബ്രുവരി 9-ാം തീയതി വിരമിക്കുമെന്നും ഫെ: 10-ാം തീയതി മൈസൂർ ഗവണ്മെന്റായി ചാർജ്ജെടുക്കുമെന്നും ആയിരുന്ന അദ്ദേഹത്തിൻറെ ആദ്യപരിപാടി

ശ്രീ. ഗിരിക്കുപകരം കേരളത്തിലെ ഗവണ്മെന്റായി നിയമിക്കപ്പെട്ട ശ്രീ. ഏ പി ജെയിൻ എത്തിച്ചേരുന്നതിനു് നേരിടുന്ന കാലതാമസത്തിൻറെ പശ്ചാത്തലത്തിലാണു് ശ്രീ ഗിരിയുടെ യാത്ര ഏതാനും ആഴ്ചകൂടി അപ്പോത്തേക്ക് മാറിവയ്ക്കേണ്ടിവന്നിട്ടുള്ളതു്.

പ്രധാനമന്ത്രി ശ്രീ. ശാസ്ത്രി ഇവിടെവെച്ചു് ഗവണ്മെൻ ശ്രീ. ഗിരിയുമായി ഇക്കാര്യം ചർച്ച ചെയ്യുവെന്നറിയുന്നു ശ്രീ ജെയിൻ ചാർജ്ജെടുക്കുന്നതുവരെയുള്ള കാലയളവിൽ ഒരു അക്ടിംഗ് ഗവണ്മെൻ മാത്രം ഉണ്ടായിരിക്കുന്നതു് സംസ്ഥാനത്തെ പ്രധാനും നിറഞ്ഞ ഇന്നത്തെ സഹകരണത്തിൽ അഭിലക്ഷണീയമായിരിക്കുകയില്ല എന്നു് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടതു എന്നാണു് മനസ്സിലാക്കാൻ സാധിച്ചതു്. ഏപ്രിൽവരെ കേരളത്തിൽ തുടരുന്നതിനു് ശ്രീ. ഗിരി സമ്മതിച്ചിട്ടുണ്ടു്.

ജീവിത നിലവാര സൂചിക താഴ്ന്നു

തൃശ്ശൂർ, ഫെ 2

കഴിഞ്ഞ ഡിസമ്പർ മാസത്തിൽ തൃശ്ശൂർ, ചാലക്കുടി എന്നീ കേന്ദ്രങ്ങളിലെ ജീവിതനിലവാരസൂചിക അഞ്ചും, മൂന്നും പോയിൻറ് വീതം താണിട്ടുള്ളതായി ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. നവമ്പർമാസത്തിൽ തൃശ്ശൂരിൽ 604-ും ചാലക്കുടിയിൽ 609-ും ആയിരുന്ന സൂചിക ഡിസമ്പർ മാസത്തിൽ യഥാക്രമം 599-ും 606-ും പോയിൻറാകും വീതമായി താഴ്ന്നിരിക്കയാണു്.

ജീവിത നിലവാര സൂചിക താഴ്ന്നു

തൃശ്ശൂർ, ഫെ 2

കഴിഞ്ഞ ഡിസമ്പർ മാസത്തിൽ തൃശ്ശൂർ, ചാലക്കുടി എന്നീ കേന്ദ്രങ്ങളിലെ ജീവിതനിലവാരസൂചിക അഞ്ചും, മൂന്നും പോയിൻറ് വീതം താണിട്ടുള്ളതായി ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. നവമ്പർമാസത്തിൽ തൃശ്ശൂരിൽ 604-ും ചാലക്കുടിയിൽ 609-ും ആയിരുന്ന സൂചിക ഡിസമ്പർ മാസത്തിൽ യഥാക്രമം 599-ും 606-ും പോയിൻറാകും വീതമായി താഴ്ന്നിരിക്കയാണു്.

പ്രധാനമന്ത്രി ശാസ്ത്രി കോഴിക്കോട്ട്

സ്ഥാനാർത്ഥിലിസ്റ്റ് ഇന്നു പ്രസിദ്ധീകരിക്കുമെന്നു് കാമരാജ്

(പി ടി ഐ) കോഴിക്കോട്, ഫെബ്രുവരി 2

ഇന്നുരാവിലെ 5 മണിക്ക് പ്രധാനമന്ത്രി ശാസ്ത്രി ഇവിടെ എത്തി.

7.50 മണിക്ക് അദ്ദേഹത്തെ കൊണ്ടുവന്ന തീവണ്ടിയിലെ സ്പെഷൽ സലൂണിൽ അദ്ദേഹം കഴിച്ചുകൂട്ടി.

രാവിലെ വെസ്റ്റ്ഹിൽവെച്ചു് പ്രധാനമന്ത്രിക്ക് ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടതു്. കോഴിക്കോട്ട് ഡി സി സി പ്രസിഡണ്ടു് രാജഗോപാലൻ നായർ, കെ മാധവമേനോൻ എം പി; കണ്ണൂർ ഡി സി സി പ്രസിഡണ്ടു് എന്നിവരും അദ്ദേഹത്തെ സ്വീകരിക്കുവാൻ എത്തിയവരിൽ ഉൾപ്പെടുന്നു. സേവാദളം, സേവികാദളം വളണ്ടിയർമാർ പ്രധാനമന്ത്രിക്ക് ഒരു ഗാർഡ്ഓഫ് ഹോണർ നൽകി. പ്രധാനമന്ത്രി പിന്നീട്ട് റിസ്റ്റ് ഹൗസ്സിലേക്ക് നീങ്ങി. രാവിലെ കോഴിക്കോട്ടിൽനിന്നിരുന്ന ജനങ്ങളാകെ അദ്ദേഹത്തിനു് ജയഘോഷം മുഴക്കി. ശാസ്ത്രിയുടെകൂടെ മുൻ കെ പി സി സി പ്രസിഡണ്ടു് കെ പി മാധവൻനായരുമുണ്ടു്.

കാമരാജും എത്തി

കെ പി സി സി പ്രസിഡണ്ടു് കെ സി അച്യുതനുമൊന്നിച്ചു് കോൺഗ്രസ് പ്രസിഡണ്ടു് കാമരാജും ഇവിടെ എത്തിച്ചേർന്നിട്ടുണ്ടു്.

കോൺഗ്രസ് സ്ഥാനാർത്ഥികളുടെ ലിസ്റ്റ് നാളെ എറണാകുളത്തുനിന്നു് പ്രസിദ്ധീകരിക്കുന്നതാണെന്നു് കാമരാജ് പ്രസ്താവിച്ചു.

മലബാർഭാഗത്തുള്ള രണ്ടോ മൂന്നോ സ്ഥാനാർത്ഥികളുടെ കാര്യമൊഴിച്ചു് ലിസ്റ്റിലും ശരിപ്പെടുത്തിട്ടുണ്ടു്. ഈ സ്ഥാനാർത്ഥികളുടെ പ്രശ്നം പ്രധാനമായുണ്ടു് താൻ ഇവിടെ വന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രി ശാസ്ത്രിയോടൊന്നിച്ചു് കാമരാജ് ഇന്നു് രാത്രിതന്നെ എറണാകുളത്തേക്കു് തിരിച്ചുപോകും.

കൂടിക്കാഴ്ചകൾ

ഡി സി സി പ്രസിഡണ്ടു് രാജഗോപാലൻനായർ, ടി കൃഷ്ണൻ ജൈസ്പ്രസിഡണ്ടു്, ഡി സി സി സിക്രട്ടറിമാർ ശ്രീമതി കമലം, ഉപപ്രമുഖ വല കോൺഗ്രസ്സുകാർ പ്രധാനമന്ത്രി ശാസ്ത്രിയുമായി കൂടിക്കാഴ്ച അനുവദിച്ചു. ശ്രീ കേളപ്പനും ശാസ്ത്രിയെ കാണുകയുണ്ടായി.

ഐ. എൻ. സി. എ. വാർഷികം

(സ്വ. ലേ) ആലപ്പുഴ, ഫെ. 2

പൂന്തോപ്പ് സി. ഐ. എം. എ. യുടെ എട്ടാമതു് വാർഷികവും കത്തോലിക്കാ കോൺഗ്രസ്സ് പൂന്തോപ്പുശാഖയുടെ രണ്ടാമതു് വാർഷികവും സംയുക്തമായി ഇന്നു പരീഷ് ഹാളിൽവച്ചു് ആഘോഷസമ്മേളനം രേഖപ്പെടുത്തിയിരിക്കുന്നു.

വാർഷികസമ്മേളനത്തിൽ റവ: ഫാ: മാത്യു കാട്ടൂർ എം. എ. അധ്യക്ഷത വഹിച്ചു. ദീപിക പത്രാധിപർ ശ്രീ. കെ. എം. ജോസഫ് എഴുപാഹം ഏ. മാരേട്ട് എന്നിവർ പ്രസംഗിച്ചു.

—0—

സി. വൈ. എം. എ. ഭാരവാഹികൾ

കോഴിക്കോട്, ഫെ. 2

കോഴിക്കോട് കാതലിക്ക് യങ്ങ്മെൻസ് അസോസിയേഷൻറെ വാർഷിക ജനറൽബോഡിയോഗം ഇന്നലെ മെസൻറ് ജോസഫ്സ് എൽ. പി സ്കൂളിൽവച്ചു പ്രസിഡണ്ടു് ശ്രീ. പി എൽ ജോസഫിൻറെ അദ്ധ്യക്ഷതയിൽചേന്നു് പുതിയകൊല്ലത്തേക്കുള്ള നിവ്വാഹകസമിതി അംഗങ്ങളായി താഴെപറയുന്നവരെ തിരഞ്ഞെടുത്തിരിക്കുന്നു.

പി. എൽ. ജോർജ്ജ് (പ്രസിഡണ്ടു്) സി. പി. ജോർജ്ജ് (വൈസ്. പ്രസിഡണ്ടു്) ജോസ് പി കരിയൻ [സിക്രട്ടറി] പി എൽ ജോസ് (ജോ: സിക്രട്ടറി) ലീൻ ഫർണാണ്ടസ് (ട്രഷറർ) ആൻറണി തരകൻ എ ജെ ജോസഫ് ആൽബർട്ട് ജോഷ്വാ ഡി മാത്യു, പി എൽ ജോസഫ് എ. എൽ. സി കഞ്ഞുവീത്, വി എൽ, ജോസഫ് കെ. വി ജോസ്സ് സി കെ ഫ്രാൻസീസ് പി സി വാവു റോ ഡി ജോൺ, വി വി ഫ്രാൻസീസ്.

അഡ്വക്കേറ്റ് വി ഒ ജേസിയെ നിയമോപദേഷ്ടാവായും തിരഞ്ഞെടുത്തു.

എസ്. എസ്. പി. സ്ഥാനാർത്ഥികൾ

വിദ്യാഗീയ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

പി. ടി. ഐ. എറണാകുളം ഫെ: 2

എസ്. എസ്. പി. മത്സരിക്കുന്ന 36 സീറ്റുകളിൽ, 26 സീറ്റുകളിലെ സ്ഥാനാർത്ഥികളുടെ ലിസ്റ്റ് ഇന്നു് പ്രസിദ്ധീകരിക്കുന്നു.

തിരുവനന്തപുരം ജില്ല

തിരുവനന്തപുരം-1 ബി. മാധവൻനായർ തിരുവനന്തപുരം-2 ഇ. പി. ഇയ്യപ്പൻ, നെടുമങ്ങാട്-പൊന്നാം ശ്രീധർ, ആര്യനാട്-മാഠപ്പള്ളി മജീദ്, പാറശ്ശാല-എം സുകുമാരൻനായർ.

കൊല്ലം ജില്ല

കൊട്ടാരക്കര-ഡി ദാമോദരൻപോറ്റി, പത്തനംതിട്ട-(റിസർവേഷൻ) വി. കൊച്ചുകുഞ്ഞ്, ഇരവിപുരം- കെ ഷാംസുദ്ദീൻ.

ആലപ്പുഴ ജില്ല

ആറന്മുള-ഭവനൽ പി കെ മാത്യു, തിരുവല്ല-വി പി പി നമ്പൂതിരി, മാവേലിക്കര-ജി ഗോപിനാഥപിള്ള.

കോട്ടയം ജില്ല

കട്ടപ്പനത്തി-ജോസഫ് ചാഴിക്കാടൻ, ഏറ്റുമാനൂർ- വി പി വിൽസൻ.

എറണാകുളം ജില്ല

പാർ-കെ ജി. രാമമേനോൻ, മൂവാറ്റുപുഴ-പോൾ വി. കന്നിൽ, ആലുവ-പി. കെ. കുഞ്ഞ്.

തൃശ്ശൂർ ജില്ല

വടക്കാഞ്ചേരി-എൻ. കെ. ശേഷൻ.

പാലക്കാട് ജില്ല

കഴൽമന്ദം-(റിസർവ്വേഷൻ) കെ. കോരൻ, പാർ-എ. ശിവരാമഭാരതി.

കോഴിക്കോട്ട് ജില്ല

വടകര-എം. കൃഷ്ണൻ, കൊയിലാണ്ടി-കെ. ബി. മേനോൻ, ബാലുശ്ശേരി-ഏ. കെ. രാമൻ, കുന്ദമംഗലം-വി. കുട്ടികൃഷ്ണൻനായർ.

കണ്ണൂർ ജില്ല

ഷോസ്ഗ്ഗ്:-എൻ. കെ. ബാലകൃഷ്ണൻ.

പെരിങ്ങളം-പി. ഗോപി.

കുന്നുംപാമ്പു-കെ. കെ. അബ്ദു.

ബസ്സ് കണ്ടക്ടറും വിദ്യാർത്ഥികളും തമ്മിൽ ഉരസൽ

(പി ടി ഐ) തിരുവനന്തപുരം ഫെ 2

ഒരു സിറ്റി ട്രാൻസ്പോർട്ട് ബസ്സിലെ ഒരു കണ്ടക്ടറും ഒരു സംഘം കോളേജ് വിദ്യാർത്ഥികളും തമ്മിൽ ട്രാൻസ്പോർട്ട് സ്റ്റാണ്ടിൽവെച്ചുണ്ടായ ഒരുചെറിയ പിടിവലിയെത്തുടർന്നു് ഇന്നലെ ഏതാനുമണിക്കൂർനേരത്തേക്കു് ബസ്സുസർവ്വീസ് രണ്ടുമണിക്കൂർനേരത്തേക്കു നിറുത്തിവെക്കുന്നതിനിടവന്നു.

നൂറോളം വിദ്യാർത്ഥികളും ഒരേ ഒരു ബസ്സിൽത്തന്നെ കയറണമെന്നു് ശാഠ്യം പിടിച്ചതിനെ തുടർന്നാണു് കഴുപ്പുണ്ടായതെന്നു് പറയുന്നു.

മറ്റു ബസ്സുകളിൽ കയറിപോകുവാനുള്ള അഭ്യർത്ഥനയെ വിദ്യാർത്ഥികൾ നിരസിച്ചു. തുടർന്നു് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാരും, പൊലീസും രംഗത്തെത്തി. വിദ്യാർത്ഥികളും പിന്നീട് മറ്റു ബസ്സുകളിൽകയറി തങ്ങളുടെ കോളേജുകളിൽ എത്തി.

ലോകോളേജ് വിദ്യാർത്ഥികൾ പഠിപ്പുമുടക്കി

വിദ്യാർത്ഥിയെ മർദ്ദിച്ചതിൽ പ്രതിഷേധം

(പി ടി ഐ) തിരു: ഫെ. 2

തിരുവനന്തപുരം ലോകോളേജിലെ 230ഓളം വിദ്യാർത്ഥികൾ ഇന്നു് ക്ലാസ്സുകളിൽ ഹാജരാകുകയുണ്ടായില്ല.

ഫിസിക്സ് പ്രാക്ടിക്കൽ മുടക്കിയതിനു് ഇന്നലെ ഏതാനുമളുപേരിനു് അറസ്റ്റ്ചെയ്ത വിദ്യാർത്ഥികളിൽ ഒരാളായ ജോർജ്ജ് വറ്റിസീനെ പോലീസ് സ്റ്റേഷനിൽവെച്ചു മർദ്ദിച്ചുവെന്നതിൽ പ്രതിഷേധിച്ചുകൊണ്ടാണു് ഈ പഠിപ്പുമുടക്കു്.

വൻകിട ജലസേചന പദ

തൊഴിലാളി

പോസ്റ്റ്മോർട്ടം 90
ലേലഫോണ് 125
ഹൈസ്കൂൾ പ്രവേശനപരീക്ഷ 455

1965 ഫെബ്രുവരി 3-ാംനു- ബുധൻ

ശാസ്ത്രി കേരളത്തിൽ

....o....

ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രി കേരളത്തിലെത്തിയിട്ടുണ്ട്. ഇവിടത്തെ ചില പ്രധാന പരിപാടികളും അദ്ദേഹം സന്ദർശിച്ചുകഴിഞ്ഞു. മറ്റു ചിലതുകൂടി അദ്ദേഹം സന്ദർശിക്കുന്നതിനിരിക്കുന്നേ. കേരളത്തിൻറെ രാഷ്ട്രീയപ്രമുഖ ഗ്രഹിച്ചിട്ടുണ്ടാവും അദ്ദേഹമിവിടെ എത്തിച്ചേർന്നിട്ടുള്ളതെന്നും കോൺഗ്രസ്സിനെതിരായ ഒരു മുന്നണി രൂപീകരിക്കുന്നതിനുവേണ്ടിയാണെന്നും. ഇങ്ങിനെയുള്ള ഒരഭിപ്രായം ഇവിടത്തെ പത്രങ്ങളിൽ ചിലതിൽ കാണുകയുണ്ടായി. ഇപ്പോൾ ഇവിടെ നടക്കുന്ന കാര്യങ്ങളിൽ ഇങ്ങിനെയൊരു ലക്ഷ്യം ഒരിക്കലും കാണുകയില്ല. വളഞ്ഞുപുളഞ്ഞ മലമ്പാതകൾ താണ്ടിയാണ് ശാസ്ത്രിജി ഇവിടെ വന്നിട്ടുള്ളതെന്നും മറ്റുമുള്ള കാര്യങ്ങളിൽ ആക്ഷേപം സംശയത്തിനിടയില്ലെല്ലോ.

ഇതുകൊണ്ടൊന്നും ഇവിടെ ആരെയും അഭിനന്ദിക്കാൻ സംശയം. ആദ്യമായിട്ടാണ് ഒരു പ്രധാനമന്ത്രി ഇന്ത്യൻ ഭരണഘടനയനുസരിച്ചുള്ള് ഫെഡറൽ ഒരു രാഷ്ട്രീയകാര്യത്തിനായി സന്ദർശിക്കുന്നത്. ഫെഡറൽ ഒരു രാഷ്ട്രീയകാര്യത്തിനായി സന്ദർശിക്കുന്നതിനെ പതിനഞ്ചു കോടിയും മുമ്പ് എഴുതപ്പെട്ടിട്ടുള്ള തല്ലായെന്നും പിന്നെയെന്താണ്? ഇപ്പോഴത്തെ പ്രകടനങ്ങളിൽ അത്തരമെന്നും അദ്ദേഹം ചോദിക്കുകയുണ്ടായി. അപ്പോൾ ഈ രാഷ്ട്രീയകാര്യത്തിനായി ഒരു പ്രധാനമന്ത്രി പറയത്തിനുമാത്രമായി പോയിസിൻറെ ആവശ്യമെന്താണ്? അതിനുള്ള ഉത്തരം ഇതുവരെ ആരും പറഞ്ഞുകേട്ടിട്ടില്ല. അതിനുള്ള ഉത്തരം ഇനിയും പറയുകയുണ്ടാവുമെന്നും തോന്നുന്നില്ല. ഇതിനുള്ള ഉത്തരം ഇനിയും പറയുകയുണ്ടാവുമെന്നും തോന്നുന്നില്ല. ഇതിനുള്ള ഉത്തരം ഇനിയും പറയുകയുണ്ടാവുമെന്നും തോന്നുന്നില്ല.

അതിനുള്ള ഉത്തരം ഇനിയും പറയുകയുണ്ടാവുമെന്നും തോന്നുന്നില്ല.

മുങ്ങാൻ പോകുന്ന കപ്പലിൽ കാമരാജിനെ കപ്പിത്താനാക്കി

കേരളത്തിൽ കോൺഗ്രസ്സിന്റെ പരാജയം തമിഴന്റെ തലയിൽ കെട്ടിവെയ്ക്കാൻ എതിർവാദികളുടെ തന്ത്രം

(പ്രത്യേക ലേഖകൻ)

റസിഡൻസി ബംഗ്ലാവിലെ വിപ്ലവസ് മന്ത്രിച്ചത് കഷ്ണ്സീറ്റുകളിലിരുന്നുകൊണ്ട്, കേരളത്തിന്റെ ഭാവിഭാഗധേയം കുറിക്കുന്നവരാണെന്നു കരുതപ്പെടുന്ന കേന്ദ്ര കോൺഗ്രസ്സ് നേതാക്കൾ യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളത് കോൺഗ്രസ്സ് സംഘടനയുടെ കേരളത്തിലെ മരണവാറണ്ടിന്മേൽ ഒപ്പിടുകയാണ്. ഇതിനവർക്ക് വേണ്ട പ്രേരണയും പ്രചോദനവും നൽകിയ കേരളത്തിലെ കോൺഗ്രസ്സ് നേതാക്കളാണ്, എന്നു പറയുന്നതിൽ ശരി, ശങ്കറാണെന്നു പറയുന്നതായിരിക്കും. ശങ്കറിനു കോൺഗ്രസ്സിൽ — പ്രായോഗികമായി പറഞ്ഞാൽ സ്ഥാനമൊന്നുമില്ല. എന്നിരുന്നാലും രജോഗുണം ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ നയിക്കുന്നതു് കാമരാജൻ അദ്ദേഹം പറയുന്നതിനനുസരിച്ചാണ് പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതും. കെ. പി സി. സി. പ്രസിഡണ്ട് അബ്രഹാം കോൺഗ്രസ്സിൽ ഇന്നാരുമല്ല. കെ പി. സി സി. പ്രസിഡണ്ടായിരുന്ന മാധവൻനായർക്കും അദ്ദേഹത്തിന്റെ ഒത്താശക്കാരനായി വന്ന പനമ്പിള്ളി ഗോവിന്ദമേനോനും കാമരാജന്റെ മുമ്പാകെ കനത്ത പരാജയമാണുണ്ടായതു്. പനമ്പിള്ളി ബുദ്ധിരാക്ഷസനാണെന്നാണ് വെപ്പ്. പക്ഷേ കാമരാജിനു ആവശ്യമില്ലാത്ത സാധനമാണ് ബുദ്ധിയെന്നതു് ഈ രാക്ഷസനറിഞ്ഞു കൂടാത്തതു് കഷ്ടം തന്നെ.

ലിസ്റ്റ് എന്തുകൊണ്ട് വൈകി?

കാമരാജ് കോൺഗ്രസ് സ്ഥാനാർത്ഥി ലിസ്റ്റ് പുറത്തുവിടുവാൻ വൈകിയതു നല്ല സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുവാനാണെന്ന ഒരു കടങ്കഥ മനോരമയും മാതൃഭൂമിയും കേരളകൗമുദിയും പ്രചരിപ്പിച്ചിട്ടുണ്ടു്. സ്ഥാനാർത്ഥികളെ നേരിട്ടുകണ്ടും അവരുടെ ചരിത്രം അന്വേഷിച്ചും കാമരാജ് അങ്ങിനെ വലിയ കൃത്യമാണെന്നാണ് ഈ പത്രങ്ങളുടെ കഴിവ്. ഇല്ലായ്മ വെളിവാകുന്ന പണ്ടും എന്നാൽ കാര്യം ശരിയാണെന്നു് അതുപോലെ അറിഞ്ഞതേതാണ്ട് ഒരു കോൺഗ്രസ് സ്ഥാനാർത്ഥികളെ ക്കൊണ്ടുതന്നെ ഈ 'ലിസ്റ്റ്' തിരിച്ചുവിട്ടു് മനസ്സിലാക്കാം. ചരിത്രവും കഴിവുംനോക്കിയാണ് സ്ഥാനാർത്ഥികളെ നിശ്ചയിച്ചിരുന്നതെങ്കിൽ കൊടുണികളുടെ ഒരു സ്ഥാനാർത്ഥിപ്പട്ടികയുണ്ടാക്കാൻ കാമരാജിനു എങ്ങിനെ കഴിഞ്ഞു?

യഥാർത്ഥത്തിൽ ഉണ്ടായതു് മറിച്ചാണ്. ശങ്കരനും പനമ്പിള്ളിയും കൂടി സ്ഥാനാർത്ഥിപ്പട്ടികയിൽ വെച്ചു തങ്ങളുടെ ആളുകളെ ഉൾക്കൊള്ളിച്ചു. പക്ഷേ, ശങ്കറിന്റെ സാമുദായികവും ഭീഷണവുമായ നയത്തിന്റെ കാലവിലം ഉപയോഗിക്കുകയാണ് കാമരാജിനെ ആകർഷിച്ചതു്. കേന്ദ്ര പാർലിമെന്ററി ബോർഡ് യോഗത്തിൽ പനമ്പിള്ളിയും ശങ്കറും കൂട്ടത്തിരുന്ന ശങ്കർ ഒരു ജേതാവിന്റെ മട്ടിലും പനമ്പിള്ളി ഒരു പരാജിതന്റെ മട്ടിലും പങ്കെടുത്തതു പത്രക്കാരുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ശങ്കർ കോൺഗ്രസ്

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇന്നു കേരളത്തിൽ യഥാർത്ഥത്തിൽ ശങ്കർ കോൺഗ്രസ്സ് എന്നതാണ് വസ്തുത. ഇപ്പോൾ ഉള്ളതു കേരളകോൺഗ്രസ്സുണ്ടു്. ശങ്കർകോൺഗ്രസ്സുമുണ്ടു്. കെ പി സി സി എന്നു പറയുന്നതു് ഫലത്തിൽ ശങ്കർകോൺഗ്രസ്സാണ്. ശങ്കറിനെ വീണ്ടും താഴെയിറക്കാൻ ജോലിയിലാണ് കാമരാജ് ഏർപ്പെട്ടിരിക്കുന്നതു്.

ശങ്കറിന്റെ ഭരണം കേരളത്തിൽ വരുത്തിക്കൂടാ എന്നാണ് കാമരാജ് പറഞ്ഞിട്ടുള്ളതു് എന്ന വസ്തുത കോൺഗ്രസ്സുകാരെല്ലാം ഉൾപ്പെടെ എല്ലാം ജനാധിപത്യവാദികളെയും അമ്പരപ്പിച്ചിട്ടുണ്ടു്. അഴിമതി സ്വജനപക്ഷപാതം എന്നിവ കാരണം ഭരണത്തിൽ നിന്നു് നിഷ്കാസിതനായ ഒരാളെ വീണ്ടും ഭരണത്തിലേറ്റാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മഹത്തായ ശക്തി മുഴുവൻ കേരളത്തിൽ വിനിയോഗിക്കപ്പെടുന്നു എന്നതാണു് വസ്തുത. ഈ ഒരൊറ്റക്കാരണം കൊണ്ടുതന്നെ കോൺഗ്രസ് കേരളത്തിൽ പരാജയപ്പെട്ടേക്കും. കോൺഗ്രസിന്റെ സംഘശക്തികൾ ഏതു നിലയിലാണ്, നായർ സമുദായവും തീവ്രവും കത്തോലിക്കാസഭയും ഇതുവരെ വർത്തിച്ചിരുന്നതു്. അവരുടെ ഏകതയുമായ പിന്തുണ കിട്ടാതെ വല്ലാത്ത കോൺഗ്രസ് കേരളത്തിൽ പരാജയപ്പെട്ടിട്ടുണ്ടു്. ഇതുവഴിയും അതുതന്നെയാണ് സംഭവിക്കാൻ പോകുന്നതു്.

ശങ്കറിന്റെ ഈഴവപിൻബലം

കോൺഗ്രസ് നേതൃത്വം പറഞ്ഞതുതന്നെ കൂട്ടത്തിലല്ല സി കെ ഗോവിന്ദൻനായർക്കെതിരായി മഹാഭൂരിപക്ഷം ശങ്കറിനെ പിൻതാങ്ങിയതു കൊണ്ടു 1963-ൽ കോൺഗ്രസിൽ അന്തഃച്ഛിദ്രമായതു്. പിന്നീട് ഈഴവർക്കു ശങ്കറിനെ മഹത്തായ പിന്താങ്ങ...

1964 ൽ കോൺഗ്രസ്സിൽ നടന്ന വിഭജനത്തോടെയാണു് ഈ ശക്തികൾ ഏതാണ്ട് ശങ്കറിനെ പിന്താങ്ങുന്നതെന്നാണ് 1965 ൽ കോൺഗ്രസ് മുഴുവനായും മുങ്ങാൻ പോകുന്നതു്.

ശങ്കറിനു ഈഴവ 'പിൻബലം' ഉണ്ടെന്നു കരുതിയാണ് കാമരാജ് മുന്നോട്ടു കൊണ്ടുവരുന്നതു്. ശങ്കർ യഥാർത്ഥത്തിൽ ഈഴവരുടെ പേരിൽ പ്രചാരം ലാഭമുണ്ടാക്കുന്ന ആളാണെന്നും ഈഴവജന സാമാന്യത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിനു് യാതൊരു താൽപ്പര്യവുമില്ലെന്നും തെളിയിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുള്ളതു് കാമരാജിനു് അറിഞ്ഞുകൂടാ.

ശങ്കറിന്റെ പിന്നിലുണ്ടെന്നു പറയപ്പെടുന്ന ഈഴവർ പ്രബല സമുദായമല്ല. സമ്പന്നരായ ചില ഈഴവ പ്രമാണിമാർ ശങ്കറിന്റെ പിന്നിലുണ്ടെന്നു കരുതി ഈഴവരെല്ലാം ശങ്കറിന്റെ പിന്നിലാണെന്നു കരുതുന്നതു ശോഷത്തമാണ്. കോൺഗ്രസിനു് തങ്ങളുടെ താൽപ്പര്യം രക്ഷിക്കാൻ കഴിയുകയില്ലെന്നു കരുതുന്ന ഈഴവരിൽ ഭൂരിപക്ഷം പാവപ്പെട്ട ഈഴവരും.

വിചിത്രമായ സംഗതി എന്തെന്നാൽ സോഷ്യലിസവും മതേതരത്വവും ജനാധിപത്യവും പറയുന്ന കോൺഗ്രസിന്റെ ചിന്താഗതി ഇപ്പോഴും ജാതിതിരിവുള്ളതാണ്. ആ നിലയ്ക്കു് മററുള്ളവർ സാമുദായികവാദികളെന്നു പറഞ്ഞു പുറംതള്ളുന്നതാർ കോൺഗ്രസിനെന്തവകാശം? മററൊരു കക്ഷിയേക്കാളുമേറെ ജാതിയും മതവും നോക്കി സ്ഥാനാർത്ഥികളെ നിർത്തുന്നതും കോൺഗ്രസ്സുതന്നെയാണ്.

നേതൃത്വം കുഴപ്പത്തിൽ

പക്ഷേ, ഏറ്റവും രസകരമായ മറ്റൊരു വസ്തുത ഈ ഘട്ടത്തിൽ എടുത്തു പറയേണ്ടതുണ്ട്. കേന്ദ്ര പാർലിമെന്ററി ബോർഡിന്റെ യോഗത്തിനെത്തിയ നേതാക്കന്മാർക്കും 'കേരളത്തിൽ വലിയ തലവേദന' പിടിപെട്ടിരിക്കുകയാണെന്നതാണ്. ഇവിടെ എന്തായാലും ഫലം എന്താകുമെന്തോ? എന്ന മട്ടാണ് അവർക്ക്. കേന്ദ്ര കോൺഗ്രസ് നേതൃത്വം തന്നെ ഒരു കുഴപ്പത്തിലാണ്. അധികാരവടംവലി അവിടെ മുറുകി നടക്കുന്നു. അതു പ്രശ്നങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുന്നു... ഗതിയിലാലോചന നടക്കുകയാണ്.

പ്രശ്നം ... കോൺഗ്രസിന്റെ നവനയതന്ത്രം കമരാജിനു കോൺഗ്രസ്സിൽ ഒന്നും ചെയ്യാൻ കഴിയില്ല; ചെയ്യുന്നുമില്ല. അദ്ദേഹം തിക്കി മുക്കിനിൽക്കുകയാണ്. കേന്ദ്രത്തിലെ തെരഞ്ഞെടുപ്പ് ഭാരം കാമരാജന്റെ തലയിൽ കേറ്റി രക്ഷപ്പെടുകയാണ് പട്ടിലും കൂടി. ഇവിടെ പരാജയം സുനിശ്ചിതമാണ്. അങ്ങനെ വന്നാൽ അതിന്റെ ഭാരം കാമരാജനും ആർ പാർട്ടിക്കും, കാമരാജനെ ഭയന്നു് അതിൽപ്പരം ഒരു നല്ല വടി വന്നാലോ? അതിനുള്ളതാണോ ശങ്കർ ഭരണത്തിലും ... ഇപ്പോൾ തന്നെ ഉറപ്പിച്ചിട്ടുള്ളതു.

നാവികപ്രതിരോധത്തിന് സമുദ്രശാസ്ത്ര ഗവേഷണം ജീവൽപ്രധാനം

കൊച്ചിയിൽ ഗവേഷണശാലയുടെ പുതിയ കെട്ടിടം ഉൽഘാടനം ചെയ്തു

എറണാകുളം ഫെ. 1

കൊച്ചിയിലെ ഇന്ത്യൻ നേവൽ ഫിസിക്കൽ ലബോറട്ടറിയുടെ സമുദ്രശാസ്ത്രവിഭാഗത്തിന്റെ കെട്ടിടം, പ്രതിരോധ ഗവേഷണ വികസന സംഘടനയുടെ മേധാവിയായ ഡോ: എസ്. രംഗനാഥൻ ഇന്നു നാവികത്താവളത്തിൽ ഔപചാരികമായി ഉൽഘാടനം ചെയ്തു.

പ്രതിരോധ ശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനം എപ്പോഴും സമുദ്രപര്യവേഷണത്തിന്റെ പ്രയോജനം ഊട്ടിയുറപ്പിച്ചതായി രിക്കണമെന്ന് അവസരത്തിൽ പ്രസംഗിച്ചുകൊണ്ട് ഡോ: രംഗനാഥൻ ഉണർത്തിച്ചു. സമുദ്രശാസ്ത്ര സംബന്ധമായ സ്ഥിതിഗതികളെക്കുറിച്ചുള്ള അറിവ് സമുദ്രയുദ്ധത്തിൽ വളരെ പ്രധാനമാണ്. നമ്മുടെ സായുധസേനകൾക്ക്, നാവിക സേനക്ക് പ്രത്യേകിച്ചും, വെട്ടുന്ന് ഉപയോഗിക്കാൻ കഴിയത്തക്കവിധം ഇത്തരം വിവരങ്ങൾ ശേഖരിച്ചുവെക്കേണ്ടതു് പ്രതിരോധ ശാസ്ത്രജ്ഞന്മാരുടെ ജോലിയാണെന്നും അദ്ദേഹം പറഞ്ഞു.

സമുദ്രശാസ്ത്രഗവേഷണം നമ്മുടെ നാവികപ്രതിരോധത്തെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമാണെന്നു ഡോ. രംഗനാഥൻ ചൂണ്ടിക്കാട്ടി. ജനസാന്ദ്രതയേറിയ ഈ രാജ്യത്തിൽ ജനശക്തിയിലെ വർദ്ധനവും മററും ഉണ്ടാകുന്ന മലിനവസ്തുക്കളും ഉദ്ദേശിക്കപ്പെട്ടവിധം നിക്ഷേപിക്കുന്ന പ്രശ്നം ഉയർന്നുവരും. കൂടാതെ, സമീപഭാവിയിൽ ഇന്ത്യക്ക് കടലിനടിയിലെ യാത്ര അവശ്യമായി വരുമെന്നും ഇതു സംബന്ധിച്ച പ്രശ്നങ്ങൾ നമ്മുടെ സമുദ്രശാസ്ത്ര ഗവേഷണ ശക്തിപ്പെടുത്തേണ്ടതിന്റെ അടിയന്തിരാവശ്യമാണ് ചൂണ്ടിക്കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി നാവികത്താവളത്തിൽ സമുദ്രശാസ്ത്ര ഗവേഷണത്തിന് ഇപ്പോഴുള്ള കെട്ടിടം ഭാവിയിൽ രൂപപ്പെടുന്ന സ്ഥിരം ഗവേഷണശാലയുടെ കേന്ദ്രമായിത്തീരുമെന്ന് ഡോ: രംഗനാഥൻ അറിയിച്ചു. ഉൽഘാടനച്ചടങ്ങിൽ അദ്ധ്യക്ഷതവഹിച്ച കമഡോർ ജി എസ്. കപൂർ, കൊച്ചി അതിവേഗം തീവ്രമായ സമുദ്രശാസ്ത്ര ഗവേഷണത്തിന്റെ കേന്ദ്രമായിത്തീരുമെന്ന പ്രത്യാശ പ്രകടിപ്പിച്ചു.

ഇന്ത്യൻ നേവൽ ഫിസിക്കൽ ലബോറട്ടറിയിലെ പ്രിൻസിപ്പൽ സയന്റിഫിക് ആഫീസർ ഡോ: ഡി. ശ്രീനിവാസൻ സ്വാഗതം പറഞ്ഞു. നാവികസേനയിൽ ശാസ്ത്രീയ ഗവേഷണ ഡയറക്ടർ ആയ ഡോ: ബി. എൻ. ... പ്രസംഗിച്ചു.

ഇന്നു ഉൽഘാടനം ചെയ്ത സമുദ്രശാസ്ത്രവിഭാഗം നാവികസേനയ്ക്ക് താൽപ്പര്യമുള്ള സമുദ്രശാസ്ത്ര വിവരങ്ങളെല്ലാം ശേഖരിക്കുന്നതും അപഗ്രഥിച്ച് സൂക്ഷിക്കുന്നതുമാണ്.

ബ്രിട്ടീഷ് നാവികസേനാമേധാവി ഇന്ത്യ സന്ദർശിക്കുന്നു

ന്യൂഡൽഹി, ഫെ. 1

രാജകീയ നാവികസേനാ മേധാവിയും 'ഫസ്റ്റ് സീ ലോഡും' ആയ അഡ്മിറൽ സർ ഡേവിഡ് ലൂസ് പതിനാറാം തിയതി ഒരു സന്ദർശനാർത്ഥം നാലു ദിവസത്തേയ്ക്കു് ഡൽഹിയിൽ എത്തിച്ചേരുന്നതാണ്. ഇന്ത്യൻ നാവികസേനാമേധാവി വൈസ് അഡ്മിറൽ ബി എസ്. സോമന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം ഇന്ത്യ സന്ദർശിക്കുന്നതു്.

ഇന്ത്യയിലെ താമസക്കാലത്തു് സർ ഡേവിഡ് പ്രതിരോധമന്ത്രി ശ്രീ. വൈ. ബി. ചവാനെ സന്ദർശിക്കുന്നതാണ്. കൂടാതെ അദ്ദേഹം ബോംബെയിലുള്ള ഇന്ത്യൻ നാവികസേനയുടെ കപ്പലുകളും നാവികസേനാ സ്ഥാപനങ്ങളും സന്ദർശിക്കുന്നതായിരിക്കും. സർ ഡേവിഡും ... കൊച്ചിയിലെ ... സന്ദർശിക്കുന്നതാണ്.

ഹോംഗാർഡ്സ് വാരാന്ത്യ ക്യാമ്പ്

(സ്വ ലേ) ആലപ്പുഴ, ഫെ. 1

കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ എന്നീ സെന്ററുകളിലെ ഹോംഗാർഡ്സ് വാളന്റിയന്മാരുടെ ഈ മാസത്തെ വാരാന്ത്യ ക്യാമ്പ് ഫെബ്രുവരി 13, 14-ാം തീയതികളിൽ എരമക്കര, അതായത്, ആലപ്പുഴ യു. പി. സ്കൂളിൽവച്ചു നടക്കുന്നതായിരിക്കുമെന്നു ഡിസ്ട്രിക്റ്റ് ഹോംഗാർഡ്സ് കമാന്റന്റ് അറിയിക്കുന്നു. ക്യാമ്പ് 13-ാം തീയതി 9 മണിക്ക് ആരംഭിക്കുന്നതും 14-ാം തീയതി വൈകുന്നേരം 6 മണിക്ക് അവസാനിക്കുന്നതുമാണ്. മററു ക്യാമ്പുകളിൽ ഈമാസം ക്യാമ്പ് ഉണ്ടായിരിക്കുന്നതുമല്ല.

ഉപഭോക്തൃവിലസൂചിക 5 കേന്ദ്രങ്ങളിൽ ഉയർന്നു

ന്യൂഡൽഹി, ഫെ. 7

1964 നവമ്പർ മാസത്തിൽ ഉപഭോക്തൃവിലസൂചിക 5 കേന്ദ്രങ്ങളിൽ ഉയരുകയുണ്ടായി. ഏററവും അധികം വർദ്ധനവ് (5 പോയിന്റ്) ഉണ്ടായ കട്ടാക്കിൽ സൂചിക 184 ആയിരുന്നു. ഗൗഹാത്തിയിൽ 3 പോയിന്റ് വർദ്ധിച്ച് 133-ഉം ലുധിയാനയിൽ 2 പോയിന്റ് വർദ്ധിച്ച് 136-ഉം തിൻസുകിയയിലും ജബൽപൂരിലും ഒരു പോയിന്റ് വർദ്ധിച്ച് 154-ഉം 164-ഉം ആയിത്തീർന്നു സൂചിക.

ബുക്ക് പാക്കററുകളുടെ തപാൽനിരക്കുകൾ

ന്യൂഡൽഹി, ജനു. 31

അച്ചടിച്ച വസ്തുക്കളും, പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾക്കൊള്ളുന്ന 'ബുക്ക് പാക്കററുകളു'ടെ തപാൽ നിരക്കിനെക്കുറിച്ച് കമ്പി-തപാൽവകുപ്പിന്റെ ഒരു വക്താവ് ഒരു വിശദീകരണം നൽകിയിരിക്കുന്നു. അച്ചടിച്ച വസ്തുക്കൾ ഉൾക്കൊള്ളുന്ന ബുക്ക് പാക്കററുകൾക്ക് ഇന്ത്യയ്ക്കകമേ 50 ഗ്രാംവരെ 10 പൈസയും പിന്നീടുള്ള ഓരോ 25 ഗ്രാമിനും 5 പൈസ വീതവുമാണ് നിരക്ക്. അച്ചടിച്ച പുസ്തകങ്ങൾ മാത്രമുള്ള ബുക്ക് പാക്കററുകൾക്ക് 50 ഗ്രാംവരെ 5 പൈസയും പിന്നീടുള്ള ഓരോ 25 ഗ്രാമിനും 3 പൈസയുമാണ് നിരക്ക്. പ്രസ് രജിസ്ട്രാരുടെ മുമ്പാകെ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉൾക്കൊള്ളുന്ന ബുക്ക് പാക്കററുകൾക്ക് 100 ഗ്രാംവരെ 8 പൈസയും പിന്നീടുള്ള ഓരോ 50 ഗ്രാമിനും 3 പൈസ വീതവുമാണ് നിരക്ക്.

വിമാനമാർഗ്ഗം അയക്കുന്ന എല്ലാ ബുക്ക് പാക്കററുകൾക്കും, ഓരോ പത്തു ഗ്രാമിനും 4 പൈസ പ്രകാരം വേറെ സർചാർജ്ജ് കൊടുക്കുകയും വേണം.

കേന്ദ്രമന്ത്രി സുബ്രഹ്മണ്യം അമുൽ ഡെയറി വ്യവസായകേന്ദ്രം സന്ദർശിച്ചു

ആനന്ദ്, ഫെ. 1

രാജ്യത്തിന്റെ പുനർനിർമ്മാണത്തിനും വികസനത്തിനും സംഭാവന ചെയ്യാൻ കഴിയുന്ന ശാസ്ത്രജ്ഞന്മാർ, സാങ്കേതിക ശാസ്ത്രജ്ഞന്മാർ, എഞ്ചിനീയർമാർ, വ്യവസായശാലാ മാനേജർമാർ എന്നിവരെയാണ് രാജ്യത്തിനിപ്പോൾ കൂടുതൽ ആവശ്യം. ആധുനിക ഇന്ത്യയുടെ യഥാർത്ഥവീരന്മാർ അവരാണെന്നു കേന്ദ്രഭക്ഷ്യ കൃഷി മന്ത്രി ശ്രീ സി സുബ്രഹ്മണ്യം പ്രസ്താവിച്ചിരിക്കുന്നു. ഇവിടെനിന്നു് 12 മൈൽ അകലെ അജാപ്പുർ ഗ്രാമത്തിൽ ഇന്നലെ ചേർന്ന ഒരു സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തലസ്ഥാന വാർത്തകൾ

(സ്വന്തം ലേഖകൻ) ഫെബ്രുവരി 1

കേന്ദ്രഗതാഗതവകുപ്പുമന്ത്രി ശ്രീ രാജ്ബഹദൂർ ഫെബ്രുവരി 4-നു കാശ്മീരിലെത്തുന്നതാണ്. എറണാകുളത്തു പുതുതായി തുടങ്ങുന്ന 'സീലോർഡ്' എന്ന ഹോട്ടൽ ഉൽഘാടനം ചെയ്തശേഷം അദ്ദേഹം അടുത്ത ദിവസം തിരിച്ചുപോകും.

പഞ്ചായത്തു ഡയറക്ടർ

പഞ്ചായത്തു ഡയറക്ടർ ശ്രീ ആർ കേശവൻനായർ ഫെബ്രുവരി 3-നു മങ്കൊമ്പും, 4-നു എടത്വായും, 5-നു തലവടിയും, 6-നു കുട്ടനാടും, 7-നു മുട്ടാറും സന്ദർശിക്കുന്നതാണ്.

കോട്ടയം ഡി എം ഒ

ശാസ്താംകോട്ട് സിവിൽസർജ്ജൻ ഡാക്ടർ തിരുവല്ലായിലെ ഒന്നാംഗ്രേഡ് സിവിൽസർജ്ജനായി പ്രൊമോട്ടുചെയ്തു. ഡാ: മേരി ആന്റണിക്ക് അവധി അനുവദിച്ച ഒഴിവിൽ കോട്ടയം ജില്ലാ മെഡിക്കൽ ആഫീസറായി നിയമിച്ചിരിക്കുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ്

തിരുവനന്തപുരം റബ്ബർ വർക്കിൽ ടെക്നിക്കൽ സൂപ്രണ്ടായിരിക്കുന്ന ശ്രീ സി കെ സേതുമാധവൻ കോഴിക്കോട്ടു ഗ്രാമവ്യവസായ പ്രോജക്ടിൽ ടെക്നിക്കൽ അസിസ്റ്റന്റായി നിയമിച്ചിരിക്കുന്നു.

ഹെൽത്തു് സർവ്വീസസ് ഡെപ്യൂട്ടി ഡയറക്ടർ

ഹെൽത്തു് സർവ്വീസസ് അസിസ്റ്റന്റ് ഡയറക്ടർ ഡാ: ടി വി സുന്ദരേശ്വരനെ പ്രൊമോട്ടുചെയ്തു് പ്ലാനിംഗ് ആന്റ് വിജിലൻസ് വിഭാഗം ഡെപ്യൂട്ടിഡയറക്ടറായും അവിടെനിന്നും ഡാ: വി എസ് ഗോപാലകൃഷ്ണനെ ഹെൽത്തു് സർവ്വീസസ് ജനറൽവിഭാഗം ഡെപ്യൂട്ടി ഡയറക്ടറായും നിയമിച്ചിരിക്കുന്നു.

പ്രധാനമന്ത്രിക്ക് നിവേദനം

കന്യാകുമാരി ജില്ലയിൽ മനേർക്കുഴയുള്ള കേരളീയർക്ക് അവിടെനിന്നും നല്ല ... കൊണ്ടുവരുന്നതിനുള്ള പ്രതിബന്ധങ്ങൾ ഒഴിവാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഒരു നിവേദകസംഘം നപ്രധാനമന്ത്രി ശ്രീ ലാൽബഹദൂർ ശാസ്ത്രിയെ കണ്ടു് നിവേദനം സമർപ്പിച്ചിരിക്കുന്നു. റിട്ടു: ഹൈക്കോർട്ട് ജഡ്ജി ശ്രീ ശങ്കരനാരായണയ്യർ, ഡാ: അനന്തൻപിള്ള, ശ്രീ കുമാരസ്വാമിപിള്ള എന്നിവർ ചേർന്നതായിരുന്നു നിവേദകസംഘം.

വനംവകുപ്പുനിയമനങ്ങൾ

പാലക്കാട്ടു് ഡിവിഷനൽ ഫോറസ്റ്റ് ആഫീസർ ശ്രീ ഇ മുഹമ്മദിനെ പുനലൂർ ഡിവിഷനൽ ഫോറസ്റ്റ് ആഫീസറായും, കോട്ടയം ഹൈറേഞ്ച് ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്റർ ശ്രീ എൻ രാജശേഖരൻനായരെ കോന്നി ഡിവിഷനൽ ഫോറസ്റ്റ് ആഫീസറായും, പരിശീലനം കഴിഞ്ഞു തിരിച്ചുവരുന്ന ശ്രീ കെ ജെ ജോസഫിനെ കാലടി യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്ററായും, സംഗംപ്രോജക്ട് ഡിവിഷൻ വനംവകുപ്പ് അസിസ്റ്റന്റ് കൺസർവേറ്റർ ശ്രീ പി എസ് ശിവരാമകൃഷ്ണനെ പാലക്കാട്ടു് ഡിവിഷനൽ ഫോറസ്റ്റ് ആഫീസറായും, റേഞ്ച് ആഫീസർ ശ്രീ പി നീലകണ്ഠനുണ്ണിയെ പ്രൊമോട്ടുചെയ്തു് സംഗംപ്രോജക്ട് ഡിവിഷൻ വനംവകുപ്പ് അസിസ്റ്റന്റ് കൺസർവേറ്ററായും, റേഞ്ച് ആഫീസർ ശ്രീ കെ വി ശങ്കരൻനായരെ പ്രൊമോട്ടുചെയ്തു് കോട്ടയം ഹൈറേഞ്ച് ഡിവിഷൻ വനംവകുപ്പ് ...

പ്ലാസ്റ്റിക്കിനും ... കമ്പനിയുടെ ... ഇതു് പ്രകാരം ഈ ... മറുവശത്തു് ... സാധിക്കുകയും ...

അമ്മയ്ക്കുതിരെ മകൾ കൊടുത്ത കേസ്സ് തള്ളി

മോസ്കോ, ജനു. 1

പ്രസിദ്ധ ഹിന്ദി സിനിമാതാരമായ നൂതൻ സ്വമാതാവായ ശോഭനാസമർത്ഥിന്റെ പേരിൽ വഞ്ചനക്കുറ്റത്തിനും വിശ്വാസവഞ്ചനക്കും എതിരായി കൊടുത്തിരുന്ന കേസ്സ് പ്രസിഡൻസി മജിസ്ട്രേട്ട് ശ്രീ എം. രംഗ്നേക്കർ തള്ളിക്കളഞ്ഞിരിക്കുന്നു.

തന്റെയും മാതാവിന്റെയും മററു കൂട്ടുകാരുടെയും കൂട്ടായ കണക്കിലുണ്ടായിരുന്ന ഒരു ബാങ്ക് അക്കൗണ്ടിൽനിന്ന് 12423 രൂപ ശ്രീമതി ശോഭനാസമർത്ഥ് ചതിവുചെയ്തു് അപഹരിച്ചു എന്നതായിരുന്നു ശ്രീമതി നൂതന്റെ ആക്ഷേപം.

വിചാരണസമയത്തു് ശ്രീമതി നൂതനും സ്വമാതാവിന്റെ നേരെ പ്രകടിപ്പിച്ച മനോഭാവം ... എന്ന ജഡ്ജി വിധിന്യായത്തിൽ പറയുന്നുണ്ട്. തന്നെ വളർത്തിയതും ... അമ്മയാണെന്ന കാര്യം മാക്കരുതെന്നും കോടതി ശ്രീമതി നൂതനെ അനുസ്മരിപ്പിച്ചു.

ജഡ്ജി ഇങ്ങനെ അവസാനിപ്പിച്ചു: "ഇതൊരു നിർഭാഗ്യകരമായ പ്രൊസിക്യൂഷനാണ്. ഇതിനു അവരെ ഉപദേശിച്ചവർ തീർച്ചയായും ശരിയായ ഉപദേശമല്ല നൽകിയതു്."

ഇന്ത്യയിലെ ഒരു 6 വയസ്സുകാരിയുടെ ചിത്രം മോസ്കോയിൽ

മോസ്കോ, ജനു. 1

കുമാരി യോഗിനി പരീഖ് എന്ന 6 വയസ്സുമാത്രം പ്രായമുള്ള ഒരു ഇന്ത്യൻ ബാലികയുടെ ചിത്രങ്ങളുടെ ഒരു പ്രദർശനം ... മോസ്കോവിൽ ഉൽഘാടനം ചെയ്തു.

... 1963-ൽ ... ഇന്ത്യൻ ചിത്രകലയുടെ ഉന്നതനിലവാരത്തെ ... പ്രശംസിച്ചു. ഇന്ത്യൻ ജനതയ്ക്കു് ... യൂണിയനോടുള്ള അനുഭാവം ... അവർ പ്രകീർത്തിച്ചു.

ഇന്ത്യൻ അമ്പാസിഡറും ചടങ്ങിൽ പങ്കെടുത്തു പ്രസംഗിക്കുകയുണ്ടായി.

കുമാരിയോഗിനി പരീഖിന്റെ ചിത്രരചന ... പ്രസിദ്ധ സോവിയറ്റ് ചിത്രകാരനായ ... സ്തുതിച്ചു.

-0-

ബോംബെ തീർത്ഥയാത്രയും ബാക്കി പണവും

(തോമസ് സെബാസ്ത്യൻ)

... യൂക്കാരിസ്റ്റിക് കോൺഗ്രസ്സിനു് ബോംബെയിലേയ്ക്കു യാത്ര ചെയ്യുന്നവർക്ക് ... ടിക്കററ് 40 രൂ. ... കോൺഗ്രസ്സിന്റെ ... ഇല്ല, ... കാണിച്ചു ... ഉത്തരവാദിത്വവും ... ആവശ്യപ്പെടുകയും വേണം.

തീർത്ഥയാത്രയിൽ വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നതായി പിഴ പറയുന്നുണ്ടു്. സംഘാടകർക്കും വളരെയധികം ക്ലേശങ്ങൾ സഹിക്കേണ്ടിവന്നതായി വന്നുവെന്നും അറിയുന്നു. എന്നാൽ ആവക പരാതികൾ അയവിറക്കി ആരും ആക്ഷേപിക്കുകയും വേണ്ട. എല്ലാ കുറവുകളും കുററങ്ങളും വിസ്മരിച്ചു നാം മുന്നോട്ടു സവിനയം ... ആവശ്യപ്പെടുകയുണ്ടായി.

എ കെ. സി സി. ഹെഡ്ക്വാർട്ടേഴ്സ് ... '38-ാം അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ് സ്മാരക'മായി ... ഉചിതമായ ഒരു സ്മാരകമായിരിക്കും എന്നും അഭിപ്രായമുണ്ട്.

... കാറിലും ... തീർത്ഥാടനം ... ഒരു വിഹിതം കൊടുത്തു് സ്മാരകം ... ഉൽബോധിപ്പിക്കുകയുണ്ടായി.

അപകടകരമായ വഴിത്തിരിവിലേക്ക് വരൽ ചൂണ്ടുന്നു

ഇന്ത്യക്കാരുടെ അറസ്റ്റിനെപ്പററി ഫ്രഞ്ച് പ്രൊഫസർ ശാസ്ത്രിയ്ക്കെഴുതിയ കത്ത്

ന്യൂഡൽഹി, ഫെ. 1

കേരളത്തിൽ ഒരു തിരഞ്ഞെടുപ്പ് ആസന്നമായ വേളയിൽ കമ്മ്യൂണിസ്റ്റുകാരെ കൂട്ടത്തോടെ അറസ്റ്റു ചെയ്തു തടവിലാക്കിയതു് ഇന്ത്യയിലെ ജനാധിപത്യ രാഷ്ട്രീയ ജീവിതത്തിൽ അപകടകരമായ ഒരു വഴിത്തിരിവിനെ കുറിക്കുന്നതാണെന്നു് ചൂണ്ടിക്കാണിച്ചുകൊണ്ടു് പ്രൊഫസ്സർ ചാററർഫീം പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രിക്ക് ഒരു കത്തെഴുതിയിരിക്കുന്നു.

ലോകപ്രശസ്തനായ ഒരു ഫ്രഞ്ച് സാമ്പത്തികകാര്യവിദഗ്ദ്ധനാണ് ചാററർഫീം. രണ്ടാം പഞ്ചവത്സരപ്ലാൻ തയ്യാറാക്കാൻ ഇന്ത്യയിൽ താമസിച്ചുകൊണ്ട് അദ്ദേഹം ഗവണ്മെണ്ടിനെ സഹായിച്ചിട്ടുണ്ടു്. പ്രൊ: ഫീം ശാസ്ത്രിക്കെഴുതിയ കത്തിന്റെ മലയാള പരിഭാഷ താഴെ കൊടുക്കുന്നു.

പ്രൊ: ചാററർസ ബെറേറൽഫീം
7-റ്യൂ ഷ്പ്ലററർ
പാരീസ് VIC
പാരീസ്
1965 ജനു. 8

ബഹുമാനപ്പെട്ട
ഇന്ത്യൻ പ്രധാനമന്ത്രി
ന്യൂഡൽഹി

പ്രിയപ്പെട്ട പ്രധാനമന്ത്രിക്ക്,

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇന്ത്യയിൽ നൂറുകണക്കിനാളുകളെ കൂട്ടത്തോടെ അറസ്റ്റുചെയ്തതായ വാർത്ത പ്രസിദ്ധ ഫ്രഞ്ച് പത്രത്തിൽനിന്നു ഞാൻ അറിയുകയുണ്ടായി.

ഞാനറിഞ്ഞിടത്തോളം ഈ അറസ്റ്റുകൾ യാതൊരു കുററാരോപണവുമൊന്നും ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയുടെ ഭൂരിപക്ഷത്തെ നേതൃത്വത്തിനെതിരെയാണ് ... എന്നാണ് കാണുന്നതു്. ഇതുപോലുള്ള സ്വേച്ഛാപരമായ ഒരു നടപടിയാണ്. ഇതുതന്നെയാണ് പല വിദേശവാർത്താ ഏജൻസികളുടെയും അഭിപ്രായം.

ഇന്ത്യയുമായുള്ള എന്റെ ദീർഘകാല പരിചയവും പ്രത്യേകിച്ച് ഇന്ത്യയുടെ രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിനും രാഷ്ട്രത്തിന്റെ സാമ്പത്തിക നയത്തിന്റെ വികസനവുമായുള്ള എന്റെ അടുത്ത ബന്ധവും ഈ അറസ്റ്റുകൾക്കെതിരായുള്ള എന്റെ പ്രതിഷേധം പ്രകടിപ്പിക്കുവാൻ എന്നെ പ്രേരിതനാക്കുന്നു. ഇന്ത്യയുടെ ആഭ്യന്തര രാഷ്ട്രീയ ജീവിതത്തിൽ തികച്ചും അപകടകരമായ ഒരു വഴിത്തിരിവിനെയാണ് ഈ അറസ്റ്റുകൾ കുറിക്കുന്നതു്. പണ്ഡിററ് നെഹ്റുവിന്റെ കാലത്തു് പ്രതിപക്ഷങ്ങൾക്കെല്ലാം നൽകിയിരുന്ന ജനാധിപത്യ സ്വാതന്ത്ര്യത്തിന്റേയും ബഹുമാനത്തിന്റേയുമായ ഒരു നയത്തിൽ നിന്നും പ്രതിപക്ഷങ്ങൾക്കെതിരായുള്ള ഒരു അടിച്ചമർത്തൽ നയത്തിലേക്കുള്ള വ്യതിയാനമാണ് ഈ അറസ്റ്റുകൾ കാണിക്കുന്നതു്.

ഇത്തരത്തിലുള്ള നടപടികൾ എല്ലാ ജനാധിപത്യവാദികളുടെയും ... കമ്മ്യൂണിസ്റ്റു് വിരോധികളുടെയും ... പൗരന്മാരുടെയും പ്രതിപക്ഷങ്ങളുടെയും എല്ലാ മൗലികാവകാശങ്ങളെയും ഭീഷണിപ്പെടുത്തുന്നതിനും അടിച്ചമർത്തുന്നതിനും ഉള്ള മാർഗ്ഗമായിത്തീരുകയായിരിക്കും ചെയ്യുക.

ഈ നിലയിലുള്ള ചെയ്തികൾ എത്രയും വേഗം പിൻവലിക്കുന്നില്ല എങ്കിൽ, സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരദ്ധ്യായം അവസാനിച്ചു കഴിഞ്ഞുവെന്നും ജനാധിപത്യ അവകാശങ്ങളെ ചവിട്ടിമെതിക്കുന്ന ഒരു പുതിയ അദ്ധ്യായം ഇന്ത്യയിൽ തുറക്കപ്പെട്ടു എന്നും ഉള്ള തീരുമാനത്തിൽ ഇന്ത്യയുടെ സുഹൃത്തുക്കൾക്ക് എത്തേണ്ടതായിവരും. തിരഞ്ഞെടുപ്പിൽ ഉള്ള വിശ്വാസത്തിനും ഉളവാകുന്ന ... ഇന്ത്യയിലെ ഉന്നതസാമ്പത്തികശ്രമങ്ങൾ ഉദ്ദിഷ്ടത, വിദേശ ... എന്നിവ ഇന്ത്യയുടെ ആഭ്യന്തരസ്ഥിതിഗതികളിൽ ... തികച്ചും ... ഒരു ... പരിതസ്ഥിതി സൃഷ്ടിയുവാൻ പോകുന്ന എന്നുള്ളതു കൊണ്ടും ... അതു തികച്ചും ശരിയായിരിക്കയില്ല എന്നും ഞാൻ ഭയപ്പെടുന്നു.

ഇന്ത്യൻ ജനതയുടെ കഷ്ടതയ്ക്കു് കാരണക്കാരായ ... ധനം കുന്നുകൂട്ടിവെയ്ക്കുന്നവരെയോ അല്ല നേരെമറിച്ചു കഷ്ടപ്പെടുന്നവരുടെ താല്പര്യങ്ങൾക്കുവേണ്ടി അങ്ങുന്നരുവിച്ചിട്ടുള്ള ത്യാഗം ... യാതൊരാൾക്കും ചോദ്യം ചെയ്യാൻ കഴിയാത്ത നിലയിലുള്ളവരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതു് എന്നതാണ് ഏററവും ഖേദകരമായി എനിക്കു തോന്നപ്പെട്ടതു്.

എന്റെ സ്വന്തം പേരിലും എന്റെ വികാരംതന്നെയുള്ള ഇന്ത്യയുടെ മററനവധി വിദേശീയ സുഹൃത്തുക്കളുടെ പേരിലും, ഈ നടപടികൾ നിർത്തിവെയ്ക്കുവാനും ഇന്ത്യയുടെ ചരിത്രത്തിൽ സന്തോഷപൂർണ്ണമായ ഒരദ്ധ്യായം ആരംഭിക്കുവാനും നിങ്ങളോടഭ്യർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രധാനമന്ത്രി അങ്ങയ്ക്കു് എന്റെ ബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുവാൻ എന്നെ അനുവദിക്കുക.

അങ്ങയുടെ വിശ്വസ്തൻ,
ചാററർസ് ബെറേറൽഫീം.

ഹിന്ദിയിലെ കത്തുകൾ ചുരുട്ടിക്കൂട്ടി കൊട്ടയിലെറിയണം

വേണ്ടിവന്നാൽ താനതിനുവേണ്ടി പ്രചരണം നടത്തുമെന്നു് കാമരാജ്

എറണാകുളം, ഫെ. 1

കേന്ദ്രത്തിൽനിന്നു് ഹിന്ദിയിൽ അയക്കുന്ന കത്തുകളും മററും ചുരുട്ടിക്കൂട്ടി ചവററുകൊട്ടയിൽ എറിയാൻ, വേണ്ടിവന്നാൽ താൻ കേരളത്തിലും പ്രസംഗിക്കുകയും പ്രചരണം നടത്തുകയും ചെയ്യുമെന്നു് കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ. കാമരാജ് തന്റെ സ്വന്തം ആ ... പ്രഖ്യാപിച്ചിരിക്കുന്നു.

ഹിന്ദി ഔദ്യോഗികഭാഷയാക്കുന്നതുമൂലം തമിഴ്നാട്ടിലെന്നപോലെ കേരളത്തിലെ ഭരണവും തകരാറാകുമെന്നും സർക്കാർ ഹയലുകൾ കെട്ടിക്കിടക്കുമെന്നും നിങ്ങളുടെ ലേഖകൻ കോൺഗ്രസ്സ് പ്രസിഡണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ഈ അഭിപ്രായം പുറപ്പെടുവിക്കുകയായിരുന്നു.

കേന്ദ്ര പ്രീതിക്കുവേണ്ടിമാത്രം താല്പര്യം പ്രദർശിപ്പിക്കുന്ന ഒരു നേതൃത്വം ഉത്തരവാദിത്വം ഏല്ലാം ഹിന്ദിയ്ക്കുതിരായി ... എന്നു ചോദിച്ചതിനു വേണ്ടിവന്നാൽ താൻതന്നെ ഇതിനുവേണ്ടി കേരളത്തിൽ പ്രസംഗിക്കാനും പ്രചരണം നടത്താനും തയ്യാറാകുമെന്നു് കാമരാജ് പ്രഖ്യാപിച്ചു.

ഇന്നു് എറണാകുളത്തു് ഹിന്ദിപ്രചാരസഭാഹാളിൽ നടക്കുന്ന രജതജയന്തി ഹിന്ദിപരിചയ പരീക്ഷാ പ്രമാണപത്രവിതരണ ചടങ്ങിൽ സംബന്ധിക്കാൻ ... അദ്ദേഹം ക്ഷണം നിരസിക്കുകയുണ്ടായി.

ഇന്നു് പ്രഭാതമായപ്പോഴേയ്ക്കും എറണാകുളം പട്ടണത്തിന്റെ പല ഭാഗങ്ങളിലും ഹിന്ദി വിരുദ്ധ മുദ്രാവാക്യങ്ങൾ ചുവരുകളിലും മററും പ്രത്യക്ഷമായിരുന്നു. പ്രധാനമന്ത്രി ലാൽബഹദൂർ വിശ്രമിക്കുന്ന ഗസ്റ്റ്ഹൗസിന്റെ പുറത്തിലും ചുമരുകളിലും മുദ്രാവാക്യങ്ങൾ സ്ഥാനം പിടിച്ചിരുന്നു. പോലീസ് അവ മായ്ച്ചുകളഞ്ഞു.

ഹിന്ദി പ്രചരണത്തിനുവേണ്ടി കേന്ദ്രത്തിൽനിന്നു് ലഭിക്കുന്ന ഭാരിച്ച തുകകൾ അനാവശ്യമായി ചെലവഴിക്കപ്പെടുന്ന കാര്യവും ചില മാന്യന്മാർ കാമരാജിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി അറിയാൻ കഴിഞ്ഞു.

കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിലിസ്റ്റിൽ ആരോ ഏതോ സീററുകളുടെ കാര്യം മാത്രമേ ഇനി പൂർത്തിയാക്കുവാനുള്ളു വെന്നും നാളെ രാവിലെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമെന്നതെന്നും കോൺഗ്രസ് പ്രസിഡണ്ട് വെളിപ്പെടുത്തുകയുണ്ടായി.

അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു് എത്ര സീററു ലഭിക്കുമെന്നു് ഒരു 'പ്രവചനം' നൽകാൻ കഴിയുമോ എന്നു് ചോദിച്ചപ്പോൾ രണ്ടുകൂടി കഴിഞ്ഞാൽ താൻ കൃത്യമായി പറയാമെന്നു അദ്ദേഹം പറഞ്ഞു.

ഇന്നു രാവിലെ ബാംഗ്ലൂരിൽനിന്നു അദ്ദേഹം ഇന്ത്യൻ എയർലൈൻസ് വിമാനമാർഗ്ഗം ഇവിടെയെത്തിയ കാമരാജിനെ ടി ഒ ബാവ, ഡി സി സി സെക്രട്ടറി ഇയ്യ്ബാൻ എന്നിവർ ചേർന്നു് സ്വീകരിച്ചു. അദ്ദേഹം ഗ്രാന്റ് ഹോട്ടലിൽ വിശ്രമിക്കുകയാണ്. കാമരാജ് കേരളത്തിലാകമാനം പര്യടനത്തിലേർപ്പെട്ടെങ്കിലും ആസ്ഥാനം എറണാകുളം തന്നെയായിരിക്കും. (സ്വ ലേ)

ഡ്രൈവർക്ക് പിഴ

(സ്വ ലേ) മതിലകം, ഫെ. 1

പുന്നക്കബസാറിൽവച്ച് സിദ്ധിക്ക് എന്ന കുട്ടിയെ ബസ്സ് കയററികൊലപ്പെടുത്തി എന്ന കാരണം ചുമത്തി ഐ പി സി 304 എ വകുപ്പുപ്രകാരം ചാർജ്ജ് ചെയ്തിരുന്ന കേസ്സിൽ പ്രതി ജേക്കബ്ബിനെ 250 രൂ. പിഴ വിധിച്ചിരിക്കുന്നു. വളരെയധികം ഒച്ചപ്പാടും ബഹളവുമുണ്ടാക്കിയ ഒരു സംഭവമായിരുന്നു പ്രസ്തുത കേസ്.

—o—

പത്മശ്രീ അവാർഡ് ലഭിച്ച ശ്രീ വർഗ്ഗീസ് കുര്യനെ അഭിനന്ദിക്കുന്നതിന് സംഘടിപ്പിച്ച ചടങ്ങിലെ പ്രധാന അതിഥിയായിരുന്ന ശ്രീ സുബ്രഹ്മണ്യം.

കെയ്റോ ജില്ലയിലെ ഗ്രാമീണ കാർഷിക വികസനരീതിയെ ശ്രീ സുബ്രഹ്മണ്യം പ്രശംസിക്കുകയും ഗ്രാമീണ വികസനത്തിന് ഗുജറാത്തിലും രാജ്യത്തിന്റെ മററുഭാഗങ്ങളിലും ഈ രീതി പിന്തുടരണമെന്നു് പ്രസ്താവിക്കുകയും ചെയ്തു. ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ പുനർനിർമ്മാണത്തിനും വികസനത്തിനും കെയ്റോജില്ല ഒരു ഉദാഹരണവും മാതൃകയുമത്രെ.

അമുൽ ഡെയറി വ്യവസായശാലയിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയെ പരാമർശിച്ചുകൊണ്ടു്, മന്ത്രി, നമ്മുടെ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനും രാജ്യത്തുനിന്നു് ദാരിദ്ര്യം, വിശപ്പ്, രോഗം എന്നിവ തുടച്ചുനീക്കുന്നതിനും കൃഷിയിലെയും മററു് ബന്ധപ്പെട്ട മേഖലകളിലെയും ഉൽപാദനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നു ചൂണ്ടിക്കാട്ടി. ആനന്ദ് ഗ്രാമത്തിലെ പാൽ ശേഖരണകേന്ദ്രം, വല്ലഭ വിദ്യാനഗർ ... കാർഷിക ഇൻസ്റ്റിററ്യൂട്ട്, കേന്ദ്ര കോഴി വളർത്തൽ ഗവേഷണ-പരിശീലനകേന്ദ്രം, കൽജജാരിയിലെ കന്നുകാലി ... നിർമ്മാണശാല എന്നിവയും അദ്ദേഹം സന്ദർശിച്ചു.

സമാധാനദൂതനായ ലൂതർകിങ്ങ്

അററ്ലാൻറാ [ജോർജിയ] ഫെ: 1

നീഗ്രോ പൗരാവകാശനേതാവും അടുത്തകാലത്തു് സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ ആളുമായ ഡോ: മാർട്ടിൻ ലൂതർ കിംഗ് ജൂനിയറിനെ ബഹുമാനിക്കാൻ വേണ്ടി അററ്ലാൻറായിലെ ആയിരത്തി അഞ്ഞൂറോളം പൗരന്മാർ ബഹുമാനാർത്ഥം ... കൂടുകയുണ്ടായി. ഡോ: കിംഗ് അററ്ലാൻറായിലെ, ഒരു പൗരനാണ്.

മേയർ ഐവാൻ അല്ലൻ ജൂനിയർ ഉൾപ്പെടെ പ്രമുഖ പൗരന്മാർ ഡോ. കിംഗിനെ പ്രശംസിച്ചു. സമാധാനത്തിനുള്ള നോബൽ സമ്മാനം നേടുന്ന 14-ാമത്തെ അമേരിക്കക്കാരനാണദ്ദേഹം. ഡോ. കിംഗിന്റെ ബഹുമാനാർത്ഥം നടത്തിയ ഡിന്നർ സൽക്കാരത്തിൽ സംബന്ധിച്ചിരുന്നവരിൽ ഏകദേശം 60 ശതമാനവും ഈ ചടങ്ങിനെ അഭിമുഖ്യം വഹിച്ച പൗരസമിതിയിൽ ഏകദേശം 70 ശതമാനവും വെള്ളക്കാരായിരുന്നു.

വർഗ്ഗപരമായ നീതി സമ്പാദിക്കുന്നതിൽ ഡോ: കിംഗ് സ്വീകരിച്ച അഹിംസാമാർഗ്ഗത്തെപ്പററി പ്രാസംഗികൻ പരാമർശിച്ചിരുന്നു. ഡോ: കിംഗിന്റെ ഗാന്ധിയൻ പ്രസംഗത്തിൽ തന്റെ അഹിംസാസിദ്ധാന്തത്തെപ്പററി അദ്ദേഹം ദീർഘമായി പരാമർശിക്കുകയുണ്ടായി.

ആളുകൾക്ക് തങ്ങളുടെ അസംതൃപ്തി പ്രകടിപ്പിക്കാനുള്ള രചനാത്മകമായ ഒരു ശക്തി അഹിംസ നൽകുന്നു എന്നു് പൗരാവകാശനേതാവ് പറഞ്ഞു. 'തങ്ങളുടെ അസംതൃപ്തി ഉപേക്ഷിക്കണമെന്നു് അത്യാവശ്യമില്ലെന്നില്ല. ഈ അസംതൃപ്തി പരാമർശിച്ചു ആരോഗ്യകരവുമായ ... ഉപേക്ഷിച്ച് ... നിർഭയത്തോടും അതു് ... പതിക്കുന്നതിൽ അഹിംസ അതിനെ രക്ഷിക്കുന്നു.''

വർഗ്ഗപരമായ നീതിക്കുവേണ്ടിയുള്ള യത്നം അമേരിക്കയിലെങ്ങും വളരെ ദീർഘമായ ദൂരം ഇനിയും പോകേണ്ടതുണ്ടെന്നു് അദ്ദേഹം പറഞ്ഞു. എങ്കിലും ഗണ്യമായ പുരോഗതി ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നു് അദ്ദേഹം പ്രസ്താവിച്ചു.

ഡോ: കിംഗ് പറഞ്ഞു: "പൗരാവകാശനിയമം പാസ്സായതിനുശേഷം അതു് അനുസരിക്കുന്നതിന്റെ പ്രോത്സാഹജനകവും ആശ്ചര്യകരവുമായ അടയാളങ്ങൾ നാം കണ്ടുകഴിഞ്ഞു. തെക്കൻ പ്രദേശത്തു് എല്ലായിടത്തുമുള്ള സമൂഹങ്ങൾ പൗരാവകാശനിയമം അനുസരിക്കുന്നുണ്ടെന്നും ഈ പ്രക്രിയയിൽ ശ്രദ്ധേയമായ പുരോഗതി കാണാനുണ്ടെന്നും ... ആ നിമിഷം വരെ സമതുലിതമാകും...''

അററ്ലാൻറാ രോമൻ കത്തോലിക്കാ രൂപതയിലെ ആർച്ച് ബിഷപ്പ് പോൾ ജെ. ഹാലിനാൻ ആയിരുന്നു പ്രാസംഗികരിൽ ഒരാൾ. "സമാധാനത്തിന്റെ പുതിയൊരു ചലനശക്തിയിലെ മുന്നണി" ആണു് ഡോ: കിംഗെന്നു് ആർച്ച് ബിഷപ്പും പറഞ്ഞു. ഇന്ത്യയിൽ മഹാത്മാഗാന്ധി അഹിംസാസിദ്ധാന്തങ്ങൾക്ക് എങ്ങിനെ രൂപം നൽകിയെന്നു് ആർച്ച് ബിഷപ്പ് അനുസ്മരിച്ചു. "നമ്മുടെ കാലത്തു് നമ്മുടെ സ്വന്തം നഗരത്തിൽതന്നെ സ്നേഹത്തിന്റേതായ ഗാന്ധിജിയുടെ ആയുധം നീതിക്കെതിരായി ഉയർത്തിയ ഒരു അനീതിക്കെതിരായുള്ള ഒരു ... ആയുധമായി തീർന്നുകൊണ്ടിരിക്കുകയാണ്" എന്നു് അദ്ദേഹം പറഞ്ഞു.

ഐക്യരാഷ്ട്രദിനവും ... ആഘോഷിക്കുകയുണ്ടായി. കുട്ടികളുടെ വിവിധ മത്സരങ്ങളും കലാപരിപാടികളുമുണ്ടായിരുന്നു.

വാർഷികം

(സ്വ ലേ) പുത്തൻവേലിക്കര, ഫെ 1

വിവേകചന്ദ്രിക സെക്കണ്ടറി സ്കൂളിന്റെയും ... ആഭിമുഖ്യത്തിൽ ... വാർഷികവും ...

TENDER NOTICE No. 21/61-65

Sealed tenders will be received by the undersigned from registered contractors up to 3 P. M. on 19-2-1965 for the following work:-

Name of work: Improvements to Kuzhur Comprehensive L. I. Scheme.

P. A. C. Rs. 28355/-
E. M. D. Rs. 567/-

Cost of tender documents — Rs. 3.09/-
Period of sale of tender forms: 16, 17 and 18-2-1965.
Time of completion — Six months.

Any further information regarding the work can be had from the office of the undersigned.

Office of the Executive Engineer,
Irrigation Division,
Chalakudy, 23-1-1965

(E. P. JOS)
Executive Engineer.

അടുത്ത
വാരാന്ത്യപ്പതിപ്പിൽ

തൂലികാചിത്രം
ഡോ: പി. ജെ. തോമസ് — എം. ഒ. ജോസഫ് മണ്ണിടങ്ങന്നം
നാടകം
പറദീസ — ജനമററം
നോവൽ
തീർത്ഥയാത്ര — എമരത്തു് സെബാസ്ത്യൻ
ചെറുകഥ
മഞ്ഞുതെളിഞ്ഞു — ജി. പള്ളിയാൽ
യാത്രാവിവരണം
ഇന്ത്യയുടെ പരിവർത്തിലിൽ — മണിമല
പുസ്തകനിരൂപണം
ടോംജോസ്
ലേഖനങ്ങൾ
ജി. എസ്സ്. എലിയട്ട് — എം. കല്ലുകളം
എന്താണ് കേരളത്തിന്റെ തകരാറ് — നിത്യചൈതന്യയതി
ഗാനം
പൂക്കാററ് — കെ. ജെ. ആന്റണി
കവിത
ഒണ്ടചിത്രങ്ങൾ — നീലീശ്വരം രാമൻകുഞ്ഞി
സിനിമ — സുനിൽ
കായികരംഗം — ചാലാടൻ

N. B. മററെല്ലാ സ്ഥിരംപംക്തികളും ഉണ്ടായിരിക്കും. വാരാന്ത്യപ്പതിപ്പിലേക്കുള്ള ലേഖനങ്ങൾ, കഥകൾ മുതലായവ പത്രാധിപർ, തൊഴിലാളി-സൺഡേ സപ്ലിമെന്റ് തൃശൂർ, എന്ന വിലാസത്തിലയക്കുക. നിരൂപണത്തിനു പുസ്തകത്തിന്റെ ഇരണ്ടുകോപ്പികൾ വീതം അയക്കേണ്ടതാണ്.

ചേന്ദമംഗലത്ത് കെ. S I. പി. പ്രചരണയോഗം

(സ്വ ലേ) ചേന്ദമംഗലം, ഫെ. 1

കർഷക–തൊഴിലാളി പാർട്ടിയുടെ ഒരു വമ്പിച്ച പ്രചരണയോഗം ഇന്നലെ ടൗണിൽവച്ച് ഇവിടെ പാലിയം നടയിൽവച്ച് ശ്രീ അലി അക്ബറിന്റെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി.

പാർട്ടി പ്രവർത്തകരായ രാഷ്ട്രീയ സാഹചര്യങ്ങളെയും നയപരിപാടികളെയും, മന്ത്രിസഭയുടെ നിലപാടുകളെയും ഇന്നത്തെ പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളെയും വിശദീകരിച്ചുകൊണ്ട് ജോസഫ് മുണ്ടശ്ശേരി, എം. സി. ജോസ്, കെ. എസ്. ഭാസ്കരൻ എന്നിവർ പ്രസംഗിച്ചു. എം. കെ. വർഗ്ഗീസ് സ്വാഗതവും പി. വി. ദേവസ്സി കൃതജ്ഞതയും പറഞ്ഞു.

രാഷ്ട്രീയ പ്രബുദ്ധത പുലർത്തുന്ന ചേന്ദമംഗലത്തുള്ള ആദ്യമായി നടന്ന കെ.S.I. പി. യോഗത്തിലെ പ്രസംഗങ്ങളും ശ്രോതാക്കളിൽ പൊതുവെ ഒരു നല്ല പ്രതികരണമാണ് സൃഷ്ടിച്ചത്.

ഉച്ചതിരിഞ്ഞ് 4 മണിക്ക് പുതുവീടൻ ബിൽഡിങ്ങിൽവച്ച ചേന്ദ കെ.S.I. പി. പ്രവർത്തകരുടെയും അനുഭാവികളുടെയും യോഗത്തിൽ S. കെ. ഇശ്വരൻ അദ്ധ്യക്ഷത വഹിച്ചു. മുഞ്ഞേലി, അലി അക്ബർ, ഭാസ്കരൻ മുണ്ടശ്ശിയവർ യോഗത്തിൽ സംസാരിച്ചു.

—

ആഴക്കടലിൽ മീൻപിടിക്കാൻ പ്രത്യേക ഉപകരണം

മോസ്കോ, ഫെ. 1

ഇവ വേണ്ടരീതിലുള്ള സോവിയറ്റ് മീൻപിടുത്തക്കാർ തങ്ങളുടെ മീൻപിടുത്ത ഉപകരണങ്ങളും 1300 മീറ്റർ ആഴത്തിലേക്ക് താഴ്ത്തും. ഉത്തര അത്ലാന്റിക് സമുദ്രഭാഗത്തു ധാരാളം മീൻ കിട്ടുമെന്നു അവർ പ്രതീക്ഷിക്കുന്നു.

850 1100 മീറ്റർ ആഴത്തിൽ മീൻപിടിക്കുവാനുള്ള ശ്രമങ്ങൾ 1961 ൽ നടക്കുകയുണ്ടായി. അതിനു മുമ്പുള്ളതിനാണ് ഇത് ഉദ്യമം. 300 മീറ്റർ ആഴത്തിലാണ് സാധാരണ മീൻ പിടിക്കാറ്.

കൂടുതൽ ആഴത്തിൽ മീൻപിടിക്കുന്നതിനുവേണ്ടി സോവിയറ്റ് ഫിഷിംഗ് കമ്പനിയുടെ എഞ്ചിനീയർമാർ ഒരു പ്രത്യേക ഉപകരണം തയ്യാറാക്കിയിരിക്കുന്നു.

—

ഇന്ത്യ എണ്ണ–വാതക നിക്ഷേപങ്ങളാൽ സമ്പന്നമാണ്

ന്യൂഡൽഹി ഫെ. 1

എണ്ണ–വാതക നിക്ഷേപങ്ങളിൽ ഇന്ത്യ വളരെ സമ്പന്നമാണെന്നും ഇവിടെ എണ്ണവാസ്തയും ഇനിയും വികസിപ്പിപ്പിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതയുമുണ്ടെന്നും സോവിയറ്റ് മന്ത്രിയും യു. എസ്. എസ്. ആർ. സ്റ്റേറ്റ് ജിയോളിക്കൽ കമ്മറ്റി ചെയർമാനുമായ ഏ. വി. സി ദോരങ്കോ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

....

മോസ്കോവിൽ കാർഷിക വിജ്ഞാന കേന്ദ്രം

മോസ്കോ, ഫെ. 1

കൃഷി സംബന്ധിച്ച് സാങ്കേതികവും ശാസ്ത്രീയവുമായ വിജ്ഞാനത്തിനുള്ള ഒരു അഖില സോവിയറ്റ് ഇൻസ്റ്റിറ്റ്യൂട്ട് മോസ്കോവിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. സോവിയറ്റ് യൂണിയനിലും ലോകത്തിലാകെയും കൃഷിശാസ്ത്രത്തിലും പ്രയോഗിക രംഗത്തുമുണ്ടായ അനുഭവങ്ങളും പഠിച്ച് കൃഷിയിൽ പ്രവർത്തിയെടുക്കുന്നവർക്ക് എളുപ്പത്തിൽ എത്തിച്ചുകൊടുക്കുകയാണ് ഈ കേന്ദ്രത്തിന്റെ മുമ്പിൽ.

....

ഫ്രൻസ് അസോസിയേഷൻ

പല്ലൻ, ഫെ. 2

അസോസിയേഷന്റെ അടിയന്തിര യോഗം ഡോ: ജോണി പക്കാലക്കന്റെ അദ്ധ്യക്ഷതയിൽകൂടി അടുത്ത തിരഞ്ഞെടുപ്പിൽ ഒരു നിഷ്പക്ഷ രാഷ്ട്രീയ ചിന്തകനായ കെ. കെ. ധർമ്മരാജനെ നിർത്തി മത്സരിപ്പിക്കുന്നതിന് തീരുമാനിപ്പിച്ചിരിക്കുന്നു.

—:—

എക്സ് സർവ്വീസുകാരുടെ ആശ്രിതന്മാർക്ക് ഉദ്യോഗം

ന്യൂഡൽഹി, ഫെ 1

യുദ്ധത്തിൽ മരിച്ചവരോ അംഗഭംഗം സംഭവിച്ചവരോ ആയ കരസേനാംഗങ്ങളുടെ ആശ്രിതന്മാർ, രാജ്യരക്ഷാസ്ഥാപനങ്ങളിലും രാജ്യരക്ഷാ ഫാക്ടറികളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും മുഖേന നിയമനം നടത്താറുള്ള സിവിലിയൻ ഉദ്യോഗങ്ങളിലേക്ക് പരിഗണിക്കപ്പെടുവാൻ അർഹതയുള്ളവരായിരിക്കും. ഇവർക്ക് വേണ്ടത്ര വിദ്യാഭ്യാസയോഗ്യതയുണ്ടെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയല്ലാതെ നിയമിക്കാവുന്നതുമാണ്.

—

വെള്ളപ്പൊക്ക നിയന്ത്രണവും, കടലാക്രമണ നിരോധവും

തൃശ്ശൂർ, ഫെ. 2

വെള്ളപ്പൊക്ക നിയന്ത്രണത്തിനും, കടലാക്രമണ നിരോധത്തിനുമായി ഡി സമ്പർ അവസാനംവരെ ഇരു സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ 2,10,720രൂപാ ചിലവഴിച്ചിരിക്കുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിനു് 79,261രൂപായും കടലാക്രമണ നിരോധത്തിനു് 1,31,469 രൂപയുമാണ് വിനിയോഗിച്ചതു്.

.....

പ്രൊ: ഉലഹന്നാൻ മാപ്പിള ഷഷ്ട്യബ്ദപൂർത്തി ആഘോഷസമാപനം

[സ്വ. ലേ] ചങ്ങനാശ്ശേരി, ജനുവരി 31

പ്രൊ: ഉലഹന്നാൻ മാപ്പിളയുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷങ്ങൾക്കു ഇന്നു് വൈകുന്നേരം എസ്. ബി. കോളേജ് കല്പാത്തുൽ ആഡിറ്റോറിയത്തിൽ നടന്ന പരിപാടികളോടെ സമാപിച്ചിരിക്കുന്നു.

5–15 നു് എസ്. ബി. കോളേജ് കവാടത്തിൽ എത്തിയ ഉലഹന്നാൻ മാപ്പിളയെ ശ്രീ. കെ. ജെ. ചാക്കോയും, പ്രിൻസിപ്പൽ മോണ്ട: ഫ്രാൻസിസും കാളാശേരിയും ഫാരപ്പന്നങ്ങൾക്കും നടത്തി സ്വീകരിച്ചു.

തുടർന്ന് ആഡിറ്റോറിയത്തിൽ പ്രൊ: എൻ. ഗോപാലപിള്ള എം. എ. അദ്ധ്യക്ഷതയിൽ ചേർന്ന യോഗം മന്നത്തു പദ്മനാഭൻ ഉൽഘാടനം ചെയ്തു. കെ. വി. രാമചന്ദ്രപ്പൊതു എം. എ. ബി. ഠി. സ്വാഗതം പറഞ്ഞു. മോണ്ട: എൽ. ജെ. ചിറ്റർ ആശീർവ്വാദപ്രസംഗവും, മോണ്ട: ഫ്രാൻസിസ് കാളാശേരി ആശംസാപ്രസംഗവും ചെയ്തു. ഏറാമാനൂർ സോമദാസൻ കവിതാപരായണം നടത്തി. പ്രൊ: എൻ. ശ്രീനാരായണ കഞ്ഞൻപിള്ള, റവ. ഫാ. എബ്രാഹാം വടക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു. എം. എം. ജോസഫ് സ്മാരകഗ്രന്ഥം സമർപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. ശ്രീ ഉലഹന്നാൻ മാപ്പിള മറുപടി പ്രസംഗംചെയ്തു. ആഘോഷകമ്മറ്റിയുടെ ജനറൽ കൺവീനർ സി. ടി. മുമ്മാർ കൃതജ്ഞത പറഞ്ഞു. സാഹിത്യരത്നങ്ങൾ ഇന്റർകോളേജിയേറ്റ് അടിസ്ഥാനത്തിലും എസ്. ബി കോളേജിൽ മാത്രമുമായി നടത്തിയ മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങളും നൽകപ്പെട്ടു.

കലോത്സവം

ഷഷ്ട്യബ്ദപൂർത്തിയാഘോഷങ്ങളോടനുബന്ധിച്ച് ഇന്നലെ രാത്രി 8 മണിക്ക് എസൻഠ് ബക്കമാൻസ് കോളേജ് ആഡിറ്റോറിയത്തിൽ നടന്ന കലോത്സവത്തിന്റെ ഉൽഘാടനം ഹിലിം സ്റ്റാർ ശ്രീ. എബ്രാഹാം ജോസഫ് എം. എ. ബി. ഠി. നിർവ്വഹിച്ചു. ശ്രീ. നാഗവള്ളി ആർ. എസ്. കുറുപ്പ് യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ശ്രീ. കെ. എൻ. ശിവരാമപിള്ള എം. എ. സ്വാഗതമാശംസിച്ചു.

—

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ നില

(സ്വ ലേ) കൊട്ടാരക്കര, ഫെ. 2

തിരഞ്ഞെടുപ്പിനുള്ള കൊട്ടാരക്കര സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽ വലതുപക്ഷക്കാരുടെ സ്ഥാനാർത്ഥിമാത്രമേ രംഗത്തുവന്നിട്ടുള്ളൂ. ഇവ. ഗോപാലകൃഷ്ണമേനോനാണ് കൊട്ടാരക്കര വലതുപക്ഷസ്ഥാനാർത്ഥി. കൊട്ടാരക്കര ചന്ദനരശ്ശൂർ ഏതാണ്ടു പൂർത്തിയായിട്ടുണ്ട്. കോൺഗ്രസ്സിനു കാര്യ അടയാളത്തിൽ വോട്ടു ചെയ്യുവിൻ എന്നാണ് എഴുതിയിരിക്കുന്നത്. ഇടതുപക്ഷം, എസ്. എസ്. പി., ലീഗ് എന്നിവയുടെ നിലപാടു് വ്യക്തമായിട്ടില്ല. ഇങ്ങിനെയൊക്കെയാണെങ്കിലും ഇന്നേവരെ അന്തരീക്ഷം കൂടിയിട്ടില്ല. ആക്കം കൊവേശവും ഒന്നുകിൽ കോൺഗ്രസ് പ്രവർത്തനം 31–നു–യോടുകൂടി അവസാനിക്കുമെന്നാണ് കരുതുന്നത്. അതുകഴിഞ്ഞാൽ, അന്തരീക്ഷം മാറുമെന്നുതന്നെ. ഇപ്പോൾ കാണുന്നതുപോലെ ഒരുപോലെ ശരവുള്ളതുമായ പിടിയുമില്ലാത്ത നീങ്ങി ഉരുണ്ടുമറിയുകയാണ്. എല്ലാം കണ്ടറിയണം എന്ന നിലപാടാണ് തലമുതിർന്ന പലരും പറയുന്നത്.

—

ചലച്ചിത്ര കയറാമതി യ്ക്ക് ഉപദേശക ബോർഡ്കൂടി

ന്യൂഡൽഹി, ഫെ. 1

വിദേശങ്ങളിലേക്ക് കയറാമതിയെക്കുന്നതിനു് അനുമതി നൽകുന്നതിനുമുമ്പു് ചലച്ചിത്രങ്ങൾ സൂക്ഷ്മപരിശോധന നടത്തുന്നതിനു് ഫോംഷൈ, കൽക്കത്ത, മദിരാശി, ഡൽഹി എന്നിവിടങ്ങളിൽ പ്രത്യേക ഉപദേശക ബോർഡുകൾ രൂപീകരിക്കണമെന്നു് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഫെബ്രുവരി 1–നു–മുതൽ ബോർഡുകൾ പ്രവർത്തനം ആരംഭിക്കുന്നു. കയറാമതിയ്ക്കു വേണ്ടിയുള്ള ചലച്ചിത്രങ്ങൾ ഈ ബോർഡുകൾക്കു മുമ്പാകെ കയറാമതി കസ്റ്റംസ് നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ചലച്ചിത്രങ്ങൾ സംബന്ധിച്ചു് ഈ നിരോധനം പ്രാബല്യത്തിൽ വരുത്തുന്നതിനു് കേന്ദ്ര ചലച്ചിത്ര സെൻസർബോർഡിന്റെ സർട്ടിഫിക്കറ്റിനുള്ള കസ്റ്റംസ് അധികൃതർക്ക് മാർഗ്ഗദർശനം നൽകിയിരുന്നതുമാണ്.

—

പുത്തൻവേലിക്കരയിലെ ദർശനത്തിരുനാൾ

പുത്തൻവേലിക്കര, ഫെ. 1

പുത്തൻവേലിക്കര വടക്കേമുറി പള്ളിയിലെ ഇക്കൊല്ലത്തെ ദർശനത്തിരുനാൾ പൂർവ്വാധികം ആഘോഷത്തോടെ നടത്താൻ തീരുമാനിച്ചിരിക്കുന്നു. തിരുനാളിനോടനുബന്ധിച്ച് ഫെ. 5–നു–വെള്ളിയാഴ്ച പഞ്ചവാദ്യശ്രേണി ഗീതമുടെ "ലഹരി" എന്ന സംഗീതനാടകവും, ശനിയാഴ്ച സി. എൽ. ജോസിന്റെ "കേരത്തെവച്ചിട്ട്" എന്ന നാടകവും നടത്തപ്പെടുന്നതാണ്. ഇക്കൊല്ലത്തെ പ്രീസൂടേന്തി വാഴിപ്പള്ളി വീട്ടിൽ പൈലോ അവർകളാണ്.

—

ഫുട്ബോൾ ടൂർണ്ണമെന്റ്

(സ്വ. ലേ) ഫെ. 2 ചങ്ങനാശേരി

ഇവിടെ നടന്നുകൊണ്ടിരുന്ന മണിയപ്പൻ മെമ്മോറിയൻ ഫുട്ബോൾ ടൂർണ്ണമെന്റിൽ ഏറ്റവും നല്ല പ്രകടനം നടത്തിയ ടീമുകളേയും, ബോബെ മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലെ പ്രശസ്തകളിക്കാർക്കുള്ള ഏതാനും ട്രോഫികളേയും ഉൽഘാടനം ചെയ്തു. ഇപ്പോൾ നടന്നുവരുന്ന മണിയപ്പൻ മെമ്മോറിയൽ ടൂർണ്ണമെന്റ് അടുത്ത വ്യാഴാഴ്ച മുതൽ ഇന്നിംഗ്സ് നടത്തുന്നതിനു് കമ്മറ്റി തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. വ്യാഴാഴ്ച ആരംഭിക്കുന്ന ടൂർണ്ണമെന്റിനുള്ള ടോഹി പ്രത്യേകമായിട്ടുള്ളതാണ്.

—

ചെക്ക് പ്രതിനിധി സംഘം ഇന്ത്യയിൽ

ന്യൂഡൽഹി, ഫെ. 1

ഘന എഞ്ചിനീയറിംഗ് മന്ത്രി മി. ജെ. പെസ്ലിന്റെ നേതൃത്വത്തിൽ ചെക്കോസ്ലോവാക്യ റിപ്പബ്ലിക്കിൽ നിന്നും ഒരു ഉന്നതതല പ്രതിനിധിസംഘം ഇന്നിവിടെ വന്നുചേർന്നു. ധനകാര്യവകുപ്പ് സഹമന്ത്രിയും ആസൂത്രണ മന്ത്രിയുമായ ശ്രീ. വി. കെ. ആർ. മേനോൻ പാലം വിമാനത്താവളത്തിൽ വെച്ച് പ്രതിനിധിസംഘാംഗങ്ങളെ സ്വീകരിച്ചു. ഗവൺമെണ്ടുമായി ചർച്ചനടത്തുക, ചെക്ക് സഹായത്തോടെ സ്ഥാപിച്ചുവരുന്ന പ്രധാന പദ്ധതികളും കാണുക എന്നിവയാണ് പ്രതിനിധിസംഘത്തിന്റെ ഇന്ത്യാ സന്ദർശനോദ്ദേശ്യം.

പ്രതിനിധിസംഘാംഗങ്ങളും ധനകാര്യമന്ത്രി ശ്രീ. ടി. ടി. കൃഷ്ണമാചാരി, വാണിജ്യമന്ത്രി ശ്രീ. മനുഭായ്ഷാ, വ്യവസായ–ഘന എഞ്ചിനീയറിംഗ് മന്ത്രി ശ്രീ. ടി. എൻ. സിംഗ് എന്നിവരെ സന്ദർശിക്കുന്നതാണ്. പ്രതിനിധിസംഘത്തിലെ ചിലർ സീനിയർ ഉദ്യോഗസ്ഥന്മാരുമായി ചർച്ചനടത്തുന്നതായിരിക്കും. റാഞ്ചി, കൽക്കത്ത, മദിരാശി, തിരുച്ചിറപ്പള്ളി, ഭോപ്പാൽ, ബോംബെ എന്നിവിടങ്ങളും ചെക്ക് സംഘം സന്ദർശിക്കുന്നതാണ്.

ഇന്ത്യയുടെ ആസൂത്രിത വികസനത്തിനു് ചെക്കോസ്ലോവാക്യ 63.10 കോടി കു. വാസ്തവൽകിയിട്ടുണ്ടു്. റാഞ്ചിയിലെ ഹെവിഇലക്ട്രിക്കൽ പ്ലാന്റിനും, ഘനയന്ത്രോപകരണ നിർമ്മാണശാലയ്ക്കും, തിരുച്ചിയിലെ ബോയിലർ പ്ലാന്റിനും, ഭൈലഹബാദിലെ ഘന വൈദ്യുതോപകരണ നിർമ്മാണശാലയ്ക്കും മദിരാശിയിലെ തപാലിരുമ്പുനിർമ്മിതിയിലെ കൂടാതെ രണ്ടു യന്ത്രോപകരണ നിർമ്മാണശാലകൾക്കും വേണ്ടിയാണ് ഈ ധനസഹായം ഉപയോഗപ്പെടുത്തുന്നതു്. ഈ പദ്ധതികൾക്കാവശ്യമായ ഉപകരണങ്ങൾ, യന്ത്രഭാഗങ്ങൾ തുടങ്ങിയവ നൽകിയും ചെക്കോസ്ലോവാക്യ സഹായിക്കുന്നുണ്ടു്.

—

റിവർ സ്റ്റീം നാവിഗേഷൻ കമ്പനിയിൽ ഗവർമ്മെണ്ട് ഓഹരികൾ എടുക്കുന്നു

ന്യൂഡൽഹി, ഫെ: 31

ബ്രിട്ടനിലെ ഇഞ്ചുകേപ്പ് ഗ്രൂപ്പിന്റെ നിയന്ത്രണത്തിലുള്ള റിവർ സ്റ്റീം നാവിഗേഷൻ കമ്പനി ലിമിറ്റഡിൽ ഓഹരിയെടുക്കുവാൻ ഇന്ത്യാഗവൺമെണ്ടു തീരുമാനിച്ചിരിക്കുന്നു. കൽക്കട്ട മുതൽ അസ്സാംവരെ ബ്രഹ്മപുത്രയിൽ ഗരുഗത സർവ്വീസ് നടത്തുന്ന കമ്പനിയാണിതു്. കഴിഞ്ഞ പല വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കമ്പനിയിൽനിന്നും സാമ്പത്തിക സഹായത്തിനുള്ള അഭ്യർത്ഥന ഇന്ത്യാഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടു്. സഹായം ലഭിക്കാത്തപക്ഷം സർവ്വീസു് നിർത്തേണ്ടിവരുമെന്നവർ പറഞ്ഞിട്ടുണ്ടു്. രണ്ടു കോടികളായി 2000 മൈൽ ദൂരം സർവ്വീസ് നടത്തുന്ന ഈ കമ്പനിക്കു് 300ൽ പരം ജലവാഹനങ്ങളും 17000 ജീവനക്കാരുമുണ്ടു്. പ്രതിവർഷം 65 ലക്ഷം ടൺ ചരക്കുകളും കൊണ്ടുപോകുന്നു. 6 കോടി രൂ. യിലധികം വരുന്ന പ്രതിവർഷവരുമാനം.

—

മൂന്നു പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ധീരതക്കുള്ള പോലീസ് മെഡൽ

ന്യൂഡൽഹി, ഫെ: 1

ഉത്തർപ്രദേശിൽ ഫത്തേപ്പൂർ ജില്ലയിലെ പോലീസ് സബ് ഇൻസ്പെക്ടർമാരായ സുരേശ്സിങ്ങ്, യാഗ്യഭൂഷ്ണയ് എന്നിവർക്കും, മഹാരാഷ്ട്രത്തിൽ പൂനാനഗരത്തിലെ സബ് ഇൻസ്പെക്ടറായ രാമചന്ദ്ര ബന്ദോബസ്തറാവിനും പ്രസിഡന്റ് ധീരതയുള്ള പോലീസ് മെഡൽ നല്കിയിരിക്കുന്നു.

1963 നവംബർ 22–നു– രാത്രിയാണ് അഹിർ എന്ന കൊള്ളക്കാരനെയായി ഏറ്റമുട്ടി അയാളെ കൊന്ന ആ രണ്ടു ഇൻസ്പെക്ടർമാർ ആ പ്രവർത്തനത്തിനെ അവഗണിച്ചുകൊണ്ടു് പ്രകടിപ്പിച്ച ധീരതയും കർത്തവ്യനിഷ്ഠയുമാണ് മെഡൽ സമ്മാനിച്ചിരിക്കുന്നതു്.

ഇൻസ്പെക്ടർ രാമചന്ദ്രബന്ദോബസ്തറാവും, പാൻഷാറ് അണക്കെട്ടു് തകർത്തു് പൂനയിൽ വെള്ളപ്പൊക്കമുണ്ടായപ്പോഴും മുങ്ങിമരിക്കാൻ പോയ ഒരു സ്ത്രീയെ രക്ഷപ്പെടുത്തിയതിനാണു് അദ്ദേഹത്തിനു മെഡൽ സമ്മാനിക്കുന്നതു്.

....

ആലപ്പുഴ ലാൻഡ് ടൈബ്യൂണൽ

[സ്വ. ലേ] ആലപ്പുഴ, ഫെ. 1

ആലപ്പുഴ ലാൻഡ് ടൈബ്യൂണൽ 1965 ഫെബ്രുവരിമാസം 8–നു– മുതൽ 12–നു–വരെയും, 22–നു– മുതൽ 25–നു–വരേയും, ചേർത്തല ബാർ അസോസിയേഷൻ ഹാളിൽ വച്ചും, 18–നു–മുതൽ 20–നു–വരെ ഹരിപ്പാട് മേൽഹാളിൽവച്ചും, അവധി ദിവസങ്ങളും ഒഴിച്ചുള്ള മാറ്റു തീയതികളിൽ ആലപ്പുഴ ലാൻഡ് ടൈബ്യൂണൽ കോടതിയിൽവച്ച് ഹർജികളും സ്വീകരിക്കുന്നതായിരിക്കുമെന്നു ലാൻഡ് ടൈബ്യൂണൽ ഇൻസ്പെക്ടർ അറിയിക്കുന്നു.

—:—

പുഞ്ചാ സ്പെഷ്യൽ ഓഫീസർ

ആലപ്പുഴ, ഫെ. 1

പെൻഷനു് പ്രാരംഭമായി അവധിയിൽ പ്രവേശിക്കുന്ന ആലപ്പുഴ പുഞ്ചാ സ്പെഷ്യൽ ആഫീസർ ശ്രീ. എ ആർ. ഗോദവർമ്മ തിരുമുൽപ്പാടിൽനിന്നും ആലപ്പുഴ ആർ. ഡി. ഓ. ശ്രീ. എൽ. സി. സുരേന്ദ്രൻ ഇന്നു് ചാർജ്ജെടുത്തിരിക്കുന്നു. പുതിയ പുഞ്ചാസ്പെഷ്യൽ ആഫീസർ ജോലിയിൽ പ്രവേശിക്കുന്നതുവരെ ഇതിന്റെ കൂടി ചാർജ്ജു് ആർ. ഡി. ഓ. വഹിക്കുന്നതായിരിക്കും.

—:—

എഞ്ചിനീയറിംഗ് കോളേജിലെ എക്സ്ചേഞ്ച്

തിരു. ഫെ. 1

രജതജൂബിലി ആഘോഷങ്ങളുടെ ഒരു ഭാഗമായി തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലെ പഠന, പരീക്ഷണശാലകളും മറ്റു

തിരുവനന്തപുരത്ത് എസ്. എസ്. പി. തകർന്നു

പഴയ പി. എസ്. പി. സംഘടിപ്പിക്കാൻ ശ്രമം

(പി ടി ഐ) തിരു. ഫെ. 2

ഇപ്പോൾ എസ്. എസ്. പി. അംഗങ്ങളായി നിലകൊള്ളുന്ന തിരുവനന്തപുരം ജില്ലയിലെ അയതോളം മുൻ പി. എസ്. പി. പ്രവർത്തകർ ഇന്നിവിടെ ഒരു യോഗം ചേർന്ന് എസ്. എസ്. പി. യുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിച്ചുവെന്നു പ്രഖ്യാപിച്ചു.

പഴയ പി എസ് പി യെ പുനരുജ്ജീവിപ്പിക്കണമെന്നുള്ള അഖിലേന്ത്യാ നിലപാടിനോടു വെല്ലുവിളിച്ചുതിലാണ് ഈ തീരുമാനം.

സംസ്ഥാന നിലവാരത്തിൽ പി എസ് പി യുടെ പ്രവർത്തനങ്ങളും ആരംഭിക്കുവാനും, മൻ പി എസ് പി യുടെ പ്രവർത്തകരോട് എസ് എസ് പി വിടുവാനും യോഗം ആഹ്വാനം ചെയ്തു.

ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകളായി സംസ്ഥാനത്തെ എസ് എസ് പി ഉണ്ടാക്കിയിട്ടുള്ള സഖ്യം റദ്ദുചെയ്യുവാനും യോഗം തീരുമാനിച്ചു. നാളെ തൃശ്ശിലും സമ്മേളനം വിളിച്ചുകൂട്ടി പാർട്ടിയുടെ നയപരിപാടികളും രൂപീകരിക്കുമെന്നു അറിയുന്നു.

"ഇന്നാവീഴ്ച"യിൽ പ്രശ്നത്തിന് തയ്യാറാക്കിയിരിക്കുന്നു. നിറപ്പകിട്ടാണ് വസ്തുക്കളുടെ മനോഹാരിതപ്രകടനമുണ്ടാക്കുന്നതെങ്കിലും ഉപഭോക്താവിന്റെ ആരോഗ്യം കാണേണ്ടും, ഒന്നും ജനങ്ങളുടെ ആകർഷിക്കാനുള്ള ഒരു പ്രദർശനമല്ല അതു്. കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കുവർ എങ്ങിനെയാണ് വളർന്നുവരുന്നു സാങ്കേതികജ്ഞാനം സ്വകീയമാക്കിത്തീർക്കുന്നതു് എന്നു് രക്ഷകർത്താക്കളെ കാണിച്ചുകൊടുക്കുകയാണ് ഇതിന്റെ ഉദ്ദേശം. ആശാനിപ്പുണി, കൊല്ലപ്പുണി, തുടങ്ങിയ പ്രായോഗികപ്രവർത്തനങ്ങൾ എങ്ങനെ നടത്തുന്നു എന്നു തുടങ്ങി സയ്യ്, വസ്തുക്കളുടെ ബലപരിശോധന, വീടു്, റോഡു്, പാലങ്ങൾ മുതലായവയുടെ നിർമ്മാണരീതി, നിർമ്മാണവസ്തുക്കൾ മുതലായ്വോ എലക്ട്രിക് പദ്ധതികളുടെ പ്രവർത്തനം ഇങ്ങനെ പലതും ആക്കം മനസ്സിലാകത്തക്കവിധം അവിടെ കാണാൻ കഴിയും.

മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗത്തിൽ Heat Engines Hydraulics എന്നീ ലബോറട്ടറികളും വർക്ക്ഷോപ്പും ഉൾപ്പെടുന്നു. ഇലക്ട്രിക്കൽ വിഭാഗത്തിൽ, റേഡിയോ, എലക്ട്രോണിക്സ് ഇങ്ങനെ പല ഉപവിഭാഗങ്ങളും കൂടി ഉള്ള ഒരു ലബോറട്ടറിയാണുള്ളതു്. സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽ, Strength of Materials, Soil Mechanics, Survey, Architecture, Highways, Geology ഇങ്ങനെ പല വിഭാഗങ്ങളുള്ള ഒരു ലബോറട്ടറിയുണ്ടു്.

ഏതെങ്കിലും ഒരു വിഷയത്തേയോ, ഒരു യന്ത്രത്തേയോ, ഒരു പ്രവർത്തനത്തേയോപറ്റി പ്രത്യേകം കൂട്ടുതലായി അറിയണമെന്നു് താല്പര്യമുള്ളവരെ അതു് കഴിയുന്നത്ര പഠിച്ച മനസ്സിലാക്കിക്കൊടുക്കുവാൻ തയ്യാറായി വിദ്യാർത്ഥി വോളണ്ടിയർമാർ യന്ത്രങ്ങളുടേയും, മോഡലുകളുടേയും പിന്നിൽ അണിനിരന്നു കഴിഞ്ഞു.

വ്യവസായിക വിപ്ലവത്തിലേയ്ക്കു് അതിവേഗം പരിവർത്തനം ചെയ്യുകൊണ്ടിരുന്ന ആധുനികകാലത്തെ ഒരു ജനാധിപത്യരാജ്യത്തിനു് ആവശ്യം ഉണ്ടായിരിക്കേണ്ട അറിവു് സാധാരണക്കാരിലേയ്ക്കു് പ്രചരിപ്പിക്കുകയാണ് ഈ പ്രദർശനംവഴി ആ വിദ്യാലയത്തിലെ അദ്ധ്യാപകാധ്യേതാക്കൾ ഉദ്ദേശിക്കുന്നതു്.

സിറ്റിയിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലുംനിന്നു് വിദ്യാർത്ഥികൾ കൂട്ടംകൂട്ടമായിവന്നു് ഇവയെല്ലാം കാണണമെന്നും അധ്യാപകർ ആഗ്രഹിക്കുന്നതായും അവരെ അതിനു് ക്ഷണിച്ചിരിക്കുന്നതായും അറിയുന്നു.

ഫെ: രണ്ടും മൂന്നും തീയതികളിൽ കാലത്തു് 9 മണമുതൽ 12 മണിവരെയും, ഉച്ചക്ക് 2 മണിമുതൽ 5 മണിവരെയും പ്രദർശനം ഉണ്ടായിരിക്കുന്നതാണ്. ഉദ്ദേശം എഴുപതോളം വിസ്തീർണ്ണമുള്ള കോളേജ് കാംബസും, ഗാംഭീര്യവും, മംഗിയും നിറഞ്ഞ കോളേജ് കെട്ടിടവും എല്ലാം കണ്ണുകുളിർമയുള്ള ഒരു കാഴ്ചയാണ്.

—

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur

ചന്ദ്രശേഖരൻ്റെ സമാധാനം

പി ടി ഐ എറണാകുളം ഫെ. 2

എസ് എസ് പി യുടെ നേതൃത്വത്തിലുണ്ടായ പിളർപ്പ് കേരളത്തിലെ പാർട്ടിഘടകത്തെ ബാധിക്കുകയില്ലെന്നു എസ് എസ് പി പ്രെയർമൻ കെ ചന്ദ്രശേഖരൻ ഇന്നിവിടെ പ്രസ്താവിച്ചു, ഇവ ഭിന്നിപ്പ് ഒഴിവാക്കാവുന്ന ഒന്നായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം. പാർട്ടി അണികളെ സോഷ്യലിസ്റ്റ് ഐക്യത്തിനുവേണ്ടി നിലകൊള്ളണമെന്നും അദ്ദേഹം സമാധാനിച്ചു.

—

പാലക്കാട് വാർത്തകൾ

(സ്വ. ലേ) ജനു 2

റംസാൻ പ്രമാണിച്ച പാലക്കാട് ജില്ലയ്ക്കനുവദിച്ചിട്ടുള്ള 300 പാക്കറ്റ് പഞ്ചസാര താലൂക്ക് സപ്ലൈ ഓഫീസർ ഗ്രൂപ്പ് വ്യാപാരത്തിനായി അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിക്കുന്നു.

പഞ്ചസാര ആവശ്യമുള്ള മുസ്ലീം കാർഡുടമകൾ അതാതു് താലൂക്ക് സപ്ലൈ ആഫീസർമാരുടെ സമീപിക്കേണ്ടതാണ്.

ഗുതാല ബ്ലോക്കിൽ മൃഗാസ്പത്രി

ഗുതാല ബ്ലോക്കിൽ ഒരു മൃഗാസ്പത്രിയും അതിനോടനുബന്ധിച്ചു് ഒരുപകരുവും ഇടുന്നതിനായി 17,995 രൂപയുടെ പദ്ധതിക്ക് പാലക്കാട് ജില്ലാ കലക്ടർ അനുമതി നൽകിയിരിക്കുന്നു. ആസ്പത്രി ഒരു ട്ടിടത്തിന്റെ നിർമ്മാണച്ചുമതലയിൽ കാർഷിക രംഗത്തുള്ളവരിൽനിന്നും പിരിച